VOL NO: 10 I ISSUE 34

# നേർപഥം

വാരിക

ലക്കം 500

www.nerpatham.com I mail@nerpatham.com

2026 AUGUST 22 I ₹10



# സലഫി വിരുദ്ധരുടെ ലേബൽ രാഷ്ട്രീയം: ചരിത്രവും യാഥാർഥ്യവും

ഇസ്‌ലാമിന്റെ ആശയപരമായ
അടിത്തറ തകർക്കാൻ
ഗൂഢാലോചന നടത്തുന്ന
ബാഹ്യശക്തികളും
അതിന് അസ്തിവാരം പണിയുന്ന
ആഭ്യന്തരശത്രുക്കളും ഒരുപോലെ
പ്രയത്നിച്ചത് നക്ഷത്രതുല്യരായ
അതിന്റെ പ്രബോധകരെ
കരിവാരിത്തേക്കാനാണ്.
ആധുനികകാലത്ത്, സംശുദ്ധമായ
ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന
സലഫീ പണ്ഡിതരാണ് ഇരഭാഗത്ത്
എന്നത് അവരുടെ മാറ്റ് കൂട്ടുന്നതിനല്ലാത്ത
മറ്റൊന്നിന്റെയും തെളിവല്ല.

## വായനയുടെ അഞ്ഞൂറാം ലക്കം: നേർവഴിയുടെ പ്രകാശനാളം

---

## നബിദിനാഘോഷം അനിസ്‌ലാമികം തന്നെ

---

## സ്വാതന്ത്ര്യത്തിന്റെ 80 വർഷങ്ങൾ: കാലിൽ പുതിയ ചങ്ങല വീണുവോ?

ഡോ. യൂസുഫ് സാഹിബ് നദ്‌വി ● ടി. കെ. അഷ്റഫ് ● ഡോ. റഫീദ കെ




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

500
നേർപഥം വാരിക
2026 ആഗസ്റ്റ് 22
1448 റബീഉൽ അവ്വൽ 09
പുസ്തകം 10 / ലക്കം 34




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

ഇസ്‌ലാമിന്റെ ആശയപരമായ അടിത്തറ തകർക്കാൻ ഗൂഢാലോചന നടത്തുന്ന ബാഹ്യശക്തികളും അതിന് അസ്തിവാരം പണിയുന്ന ആഭ്യന്തരശത്രുക്കളും ഒരുപോലെ പ്രയത്നിച്ചത് നക്ഷത്രതുല്യരായ അതിന്റെ പ്രബോധകരെ കരിവാരിത്തേക്കാനാണ്. ആധുനികകാലത്ത്, സംശുദ്ധമായ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന സലഫീ പണ്ഡിതരാണ് ഇരഭാഗത്ത് എന്നത് അവരുടെ മാറ്റ് കൂട്ടുന്നതിനല്ലാത്ത മറ്റൊന്നിന്റെയും തെളിവല്ല.

**05** മുഖമൊഴി
വായനയുടെ അഞ്ഞൂറാം ലക്കം: നേർവഴിയുടെ പ്രകാശനാളം

**06** ലേഖനം
സ്വാതന്ത്ര്യത്തിന്റെ 80 വർഷങ്ങൾ: കാലിൽ പുതിയ ചങ്ങല വീണുവോ?
ടി.കെ അശ്റഫ്

**16** നമുക്കുചുറ്റും
അറിയുക; രോഗിയെ പരിചരിക്കുന്നവരെ
ഡോ. ഹുസ്ന ഹുസൈൻ

**19** വിമർശനം
ആദർശത്തിൽ പിഴച്ചതാർക്ക്?
മൂസ സ്വലാഹി കാര

**24** ലേഖനം
സത്യവും മിഥ്യയും മനുഷ്യന്റെ സ്വതന്ത്രമായ തിരഞ്ഞെടുപ്പും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ,മസ്കത്ത്

**26** ആരോഗ്യപഥം
ഋതുമതിയാകുമ്പോൾ
ഡോ. റഫീദ കെ.

**29** ലേഖനം
നബിദിനാഘോഷം അനിസ്‌ലാമികം തന്നെ
ആദിൽ നിസാമുദ്ദീൻ

**31** കഥ
എന്തിനു സ്വാതന്ത്ര്യം?
നസീമ വാടാനപ്പള്ളി

**32** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
എന്റെ തൂലിക
നദ ജബീൻ സി. പി.

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# സംഘടനാ രംഗത്ത് കരുത്തുപകർന്ന് വിസ്ഡം നേതൃസംഗമം

കോഴിക്കോട്: കോഴിക്കോട് ഹോട്ടൽ സ്പാനിൽ വെച്ച് നടന്ന ജില്ലാ-മണ്ഡലം പ്രസിഡന്റുമാരുടെ സംസ്ഥാനതല ശിൽപശാല പങ്കാളിത്തം കൊണ്ടും ഉള്ളടക്കം കൊണ്ടും ഏറെ ശ്രദ്ധേയമായി.

സംഘടനയുടെ അടിത്തട്ടായ യൂണിറ്റ് കമ്മിറ്റികളുമായി നേരിട്ട് ബന്ധപ്പെടുന്ന മണ്ഡലം ഭാരവാഹികൾ കൂടുതൽ കാര്യക്ഷമമാകുമ്പോൾ പ്രവർത്തനങ്ങൾ കൂടുതൽ ചടുലമാകും. പ്രവർത്തകരെ ചേർത്തുനിർത്തൽ, സംഘടനാ ഏകോപനം, നിരീക്ഷണം എന്നിവയിൽ പ്രസിഡന്റുമാർ വഹിക്കേണ്ട നിർണായക പങ്കിനെക്കുറിച്ചുള്ള കൃത്യമായ മാർഗനിർദേശങ്ങൾ ക്യാമ്പ് നൽകി. തൗഹീദും സുന്നത്തും സലഫുകളുടെ മാർഗത്തിൽ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് എത്തിക്കുന്നതിലും വർത്തമാനകാലത്ത് പ്രബോധന രംഗത്തെ വെല്ലുവിളികളെ അതിജീവിക്കാനുള്ള മനക്കരുത്ത് പകരുന്നതിലും ക്യാമ്പ് വിജയിച്ചു. പങ്കെടുത്തവരുടെ പ്രതികരണങ്ങളിൽനിന്നുതന്നെ അവർക്ക് ലഭിച്ച കൃത്യമായ ദിശാബോധം വ്യക്തമായിരുന്നു. വരും നാളുകളിൽ ഇത് പ്രവർത്തനരംഗത്ത് വലിയ സ്വാധീനമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കാം.

ലജ്നത്തുൽ ബുഹൂഥിൽ ഇസ്‌ലാമിയ്യ ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പി.എൻ.അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. ടി.കെ അഷ്റഫ്, അബൂബക്കർ സലഫി, സി.പി.സലീം, നാസിർ ബാലുശ്ശേരി, അബ്ദുൽ ഖാദിർ പറവണ്ണ, ഫൈസൽ ഇബ്റാഹീം, അബ്ദുറഹ്മാൻ മദനി, റഷീദ് കൊടക്കാട്ട്, യു. മുഹമ്മദ് മദനി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.

# ധ്രുവീകരണ ശ്രമങ്ങൾക്കെതിരെ മാധ്യമങ്ങൾ ജാഗ്രത പാലിക്കണം: വിസ്ഡം മീഡിയ ശില്പശാല

കോഴിക്കോട്: രാജ്യത്ത് സാമുദായിക ധ്രുവീകരണത്തിനെതിരെ മാധ്യമങ്ങൾ ജാഗ്രത പാലിക്കണമെന്ന് കോഴിക്കോട്ട് നടന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന മാധ്യമ ശില്പശാല ആവശ്യപ്പെട്ടു.

ചെറിയ സംഭവങ്ങൾ പോലും വലിയ വാർത്തയായി ചില മാധ്യമങ്ങൾ അവതരിപ്പിക്കുന്നത് പരസ്പരമുള്ള വിശ്വാസ്യതയും ഐക്യവും നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നുണ്ട്. ഇത് രാജ്യത്ത് നിലനിൽക്കുന്ന സാമൂഹിക ഐക്യം തകരാനിടയാക്കുമെന്ന് വർക്ക്ഷോപ്പ് അഭിപ്രായപ്പെട്ടു.

വർഗീയ ചിന്തകളും വിദ്വേഷ പ്രചാരണങ്ങളും നടത്തുന്ന ഓൺലൈൻ മീഡിയകൾക്ക് നിയന്ത്രണം കൊണ്ടുവരണം.

രാജ്യത്ത് വർഗീയ സ്വഭാവത്തിലുള്ള അക്രമങ്ങളും കൊലപാതകങ്ങളും വർധിച്ചു വരുന്നത് ആശങ്കാജനകമാണ്. ഇത്തരം അക്രമങ്ങൾക്കു പിന്നിൽ ഭരണ സംവിധാനത്തിന്റെ പിന്തുണയുണ്ടെന്ന പരാതികൾ സംയുക്ത പാർലമെന്ററി നിശ്ചയിച്ച് അന്വേഷണം നടത്തണം.

വാർത്തകളുടെ വിശ്വാസ്യത ഉറപ്പാക്കാതെയും വസ്തുതകൾ പരിശോധിക്കാതെയും വാർത്തകൾ പ്രചരിപ്പിക്കുന്ന മാധ്യമങ്ങളെ പൊതുസമൂഹം അവഗണിക്കണം.

മാധ്യമ സ്വാതന്ത്ര്യത്തോടൊപ്പം വാർത്തകളിലെ വസ്തുതാപരതയും ഉത്തരവാദിത്തവും ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. വ്യാജവാർത്തകളും ഏകപക്ഷീയമായ പ്രചാരണങ്ങളും സമൂഹത്തിൽ തെറ്റിദ്ധാരണയും വിഭജനവും സൃഷ്ടിക്കുന്നതിനാൽ ഇത്തരം പ്രവണതകൾക്കെതിരെ ജാഗ്രത പാലിക്കണം.

വിശ്വാസ്യതയും മാധ്യമ ധാർമികതയും ഉയർത്തിപ്പിടിക്കുന്ന മാധ്യമങ്ങൾക്ക് പ്രോത്സാഹനം നൽകണമെന്നും ശില്പശാല ആവശ്യപ്പെട്ടു.

എം.എ.റസാഖ് മാസ്റ്റർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിസ്ഡം സംസ്ഥാന സെക്രട്ടറി അബ്ദുല്ല ഫാസിൽ അധ്യക്ഷത വഹിച്ചു. ചന്ദ്രിക ചീഫ് എഡിറ്റർ കമാൽ വരദൂർ, വിസ്ഡം സംസ്ഥാന പ്രസിഡന്റ് പി. എൻ. അബ്ദുല്ലത്വീഫ് മദനി, സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്, സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി, സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി, വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന സെക്രട്ടറി റിഷാദ് അൽ ഹികമി പൂക്കാടഞ്ചേരി, വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ്ഡോ. പി.പി. നസീഫ്, സി.പി.സലീം, ഡോ. സി. മുഹമ്മദ് റാഫി, സലാം സുറുമ, ഡോ.വി.അബ്ദുല്ലത്വീഫ്, ഹൈദർ അലി തൃശൂർ എന്നിവർ പ്രസംഗിച്ചു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി പബ്ലിക് റിലേഷൻ, മീഡിയ അംഗങ്ങൾ ശില്പശാലയിൽ പങ്കെടുത്തു.




മുഖമൊഴി

# വായനയുടെ അഞ്ഞൂറാം ലക്കം: നേർവഴിയുടെ പ്രകാശനാളം

അക്ഷരങ്ങളെ സത്യത്തിന്റെ വെളിച്ചമായി വായനക്കാർക്കു മുന്നിലെത്തിക്കുന്ന 'നേർപഥം' വാരിക അതിന്റെ 500ാം ലക്കം പൂർത്തിയാക്കുകയാണ്. ചിന്തകളെ മലിനമാക്കുന്ന കാലാനുസൃതമായ പ്രവണതകൾക്കിടയിൽ, വേറിട്ടൊരു വായനാസംസ്കാരം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നത് 'നേർപഥ'ത്തിന്റെ സഫലമായ യാത്രയുടെ അടയാളമാണ്.

ആദർശപരമായ കണിശതയാണ് നേർപഥത്തെ വേറിട്ടുനിർത്തുന്ന പ്രധാന ഘടകം. വിട്ടുവീഴ്ചയില്ലാത്ത തൗഹീദീ ആദർശം മുൻനിർത്തി, വിശുദ്ധ ക്വുർആനും തിരുസുന്നത്തും അടിസ്ഥാനമാക്കിയുള്ള പ്രാമാണികമായ അവതരണത്തിലൂടെയാണ് ഈ വാരിക ജനമനസ്സുകളിൽ ഇടംനേടിയത്. പ്രമാണങ്ങളുടെ തെളിച്ചത്തോടെ ഇസ്‌ലാമിക വിഷയങ്ങളെ വിശകലനം ചെയ്യുമ്പോൾ തന്നെ, അനാവശ്യമായ തർക്കങ്ങൾക്കപ്പുറം പ്രബോധനത്തിന്റെ ശാന്തവും സൗമ്യവുമായ ശൈലി നിലനിർത്താൻ കഴിഞ്ഞു എന്നതും എടുത്തുപറയേണ്ടതാണ്.

വർഗീയതയും ഭിന്നതകളും സമൂഹത്തിന്റെ അന്തരീക്ഷത്തെ വിഷലിപ്തമാക്കുന്ന ആധുനിക കാലത്ത്, മതനിരപേക്ഷതയുടെയും പരസ്പര സൗഹാർദത്തിന്റെയും കാവലാളായി നിലകൊള്ളാൻ നേർപഥത്തിന് സാധിച്ചു. നാടിന്റെ ഒരുമയെയും സാഹോദര്യത്തെയും തകർക്കുന്ന ഏതു നീക്കങ്ങളെയും കൃത്യമായി പ്രതിരോധിക്കുന്നതോടൊപ്പം, ഭരണഘടനാപരമായ മൂല്യങ്ങളെ മുറുകെപ്പിടിക്കാനും വാരിക നിരന്തരം ഓർമിപ്പിക്കുന്നു.

സാമൂഹിക-രാഷ്ട്രീയ-ആനുകാലിക വിഷയങ്ങളിൽ ആഴത്തിലുള്ള ഉൾക്കാഴ്ച നൽകുന്ന കവർ സ്റ്റോറികളും പഠനങ്ങളുമാണ് നേർപഥത്തിന്റെ കരുത്ത്. സങ്കീർണമായ ലോക സംഭവങ്ങളെയും ദേശീയ വിഷയങ്ങളെയും നിഷ്പക്ഷമായും കൃത്യമായും വിശകലനം ചെയ്തുകൊണ്ട് വായനക്കാരെ ചിന്തിപ്പിക്കാനും നേർവഴി കാണിക്കാനും വാരികയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

അഞ്ഞൂറാം ലക്കത്തിന്റെ നിറവിൽ നിൽക്കുമ്പോൾ, കടന്നുപോയ വഴികളിൽ പിന്തുണ നൽകിയ എഴുത്തുകാരെയും വായനക്കാരെയും അഭ്യുദയ കാംക്ഷികളെയും നന്ദിയോടെ ഓർക്കുന്നു. സത്യത്തിനും നീതിക്കും വേണ്ടി ശബ്ദിക്കുന്ന, ആദർശപരമായ നിലപാടുകളിൽ ഉറച്ചുനിൽക്കുന്ന ഈ അക്ഷര പ്രയാണം കൂടുതൽ കരുത്തോടെ മുന്നോട്ടുപോകുമെന്ന പ്രഖ്യാപനം കൂടിയാണ് ഈ അഞ്ഞൂറാം പതിപ്പ്.



## സ്വാതന്ത്ര്യത്തിന്റെ 80 വർഷങ്ങൾ:

# കാലിൽ പുതിയ ചങ്ങല വീണുവോ?

> സ്വാതന്ത്ര്യത്തിന്റെ 80 വർഷങ്ങൾ പൂർത്തിയാകുമ്പോൾ നമ്മുടെ കാലിലും കയ്യിലും കഴുത്തിലും അസ്വാതന്ത്ര്യത്തിന്റെ പുതിയ ചങ്ങലകൾ വീണിട്ടുണ്ട്. പണ്ടു ബ്രിട്ടീഷുകാർ അതിർത്തി കടന്നുവന്ന് നമ്മുടെ നാടു പിടിച്ചടക്കുകയായിരുന്നുവെങ്കിൽ, ഇന്ന് അതിർത്തികൾക്ക് അപ്പുറത്തിരുന്ന് നമ്മുടെ വിശ്വാസത്തെയും സംസ്കാരത്തെയും ചിന്തകളെയും സോഷ്യൽ മീഡിയ അൽഗോരിതങ്ങളിലൂടെയും ആഗോള ലിബറലിസത്തിലൂടെയും കീഴടക്കിക്കൊണ്ടിരിക്കുകയാണ്.

**ടി.കെ അശ്റഫ്**
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

ഒരു സ്വാതന്ത്ര്യദിനത്തിനുകൂടി നാം സാക്ഷികളായി. നമ്മുടെ രാജ്യം ബ്രിട്ടീഷ് കൊളോണിയൽ ആധിപത്യത്തിൽനിന്ന് മോചനം നേടിയതിന്റെ ഓർമ പുതുക്കലാണ് ഓഗസ്റ്റ് 15. അതുകൊണ്ടുതന്നെ, കേവലം യാന്ത്രികമായ ഒരു ആഘോഷമെന്നതിനപ്പുറം, രാജ്യത്തിന്റെ സാമൂഹികവും രാഷ്ട്രീയവും ആത്മീയവുമായ അവസ്ഥകളെക്കുറിച്ച് ഓരോ പൗരനും കൃത്യമായ ബോധമുണ്ടാകേണ്ട കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ സന്ദർഭത്തിൽ, രാജ്യത്തിന്റെ വർത്തമാനത്തെ നാം നോക്കിക്കാണേണ്ടത് കൃത്യമായ തിരിച്ചറിവോടെയായിരിക്കണം.

**അമിത ആത്മവിശ്വാസവും കടുത്ത നിരാശയും അപകടമാണ്**

സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ചർച്ചകളും വിശകലനങ്ങളും നിരീക്ഷിച്ചാൽ പ്രധാനമായും രണ്ട് രീതിയിലുള്ള കാഴ്ചപ്പാടുകൾ കാണാം:

കടുത്ത നിരാശ: 'നമ്മുടെ രാജ്യം എല്ലാം കൈവിട്ടുപോയി, ഇനി രക്ഷയില്ല' എന്നു പറഞ്ഞ് വല്ലാത്തൊരു നിരാശ ബാധിച്ച് ജീവിക്കുന്നവർ.

അമിത ആത്മവിശ്വാസം: പ്രയാസങ്ങളെയും അരുതായ്മകളെയും മൂടിവെച്ച് 'രാജ്യം എല്ലാം തികഞ്ഞതാണ്' എന്ന് അവകാശപ്പെടുന്നവർ.

ഒരു സത്യവിശ്വാസിയും ജാഗ്രതയുള്ള പൗരനും സ്വീകരിക്കേണ്ടത് ഈ രണ്ട് അറ്റങ്ങളുമല്ലാത്ത മധ്യമനിലപാടാണ്.

കടുത്ത നിരാശ ആവശ്യമില്ലെന്ന് പറയുന്നതിന് വ്യക്തമായ കാരണമുണ്ട്. വൻ പരീക്ഷണങ്ങൾക്കി

ടയിലും നമ്മുടെ രാജ്യം ജനാധിപത്യപരമായി നിലനിൽക്കുന്നു എന്നത് ചെറിയൊരു കാര്യമല്ല. ഇന്ത്യക്കൊപ്പം സ്വാതന്ത്ര്യം നേടിയ മറ്റു പല അയൽ രാജ്യങ്ങളുടെയും ചരിത്രം പരിശോധിച്ചാൽ നമുക്കിത് മനസ്സിലാകും:

പാകിസ്ഥാൻ: കഴിഞ്ഞ 77 വർഷത്തെ ചരിത്രത്തിൽ (1947-2024) 30 വർഷത്തിലധികവും ഭരിച്ചത് സൈന്യമാണ്. ഒരു ഭരണാധികാരിക്കും കാലാവധി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് മാത്രമല്ല, രാജ്യം വീണ്ടും വിഭജിക്കപ്പെടുകയും ചെയ്തു.

മ്യാന്മർ, ബംഗ്ലാദേശ്, ശ്രീലങ്ക എന്നിവിടങ്ങളിൽ ആഭ്യന്തര സംഘർഷങ്ങളും കലാപങ്ങളും കാരണം ഭരണസംവിധാനങ്ങൾ പലതവണ അട്ടിമറിക്കപ്പെട്ടു.

എന്നാൽ, ഒട്ടനവധി പ്രയാസങ്ങളെ അതിജീവിച്ചു കൊണ്ട് 80 വർഷത്തോളമായി ഭരണഘടനയുടെ കീഴിൽ നിന്ന് അഞ്ചു വർഷം കൂടുമ്പോൾ തിരഞ്ഞെടുപ്പ് നടത്താനും, ജനവിധി അംഗീകരിച്ച് മുന്നോട്ടുപോകാനും ഇന്ത്യക്ക് സാധിക്കുന്നുണ്ട്. ഇത് നൽകുന്ന ആശ്വാസവും അഭിമാനവും ചെറുതല്ല.

**വർത്തമാന ഇന്ത്യയുടെ ആശങ്കജനകമായ സൂചികകൾ**

അമിതമായ ആത്മവിശ്വാസം പുലർത്താനും നമുക്കാവില്ല. കാരണം, ആഗോളതലത്തിൽ വർത്തമാന ഇന്ത്യയുടെ സ്ഥാനം പരിശോധിച്ചാൽ വൻ വീഴ്ചകൾ കാണാൻ സാധിക്കും:

*ഹ്യൂമൻ ഫ്രീഡം ഇൻഡെക്സ് (Human Freedom Index):* ആകെയുള്ള 165 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 109 ആണ്.

*വേൾഡ് പ്രസ് ഫ്രീഡം ഇൻഡെക്സ് (World Press Freedom Index):* മാധ്യമ സ്വാതന്ത്ര്യത്തിൽ ഇന്ത്യ 159ാം സ്ഥാനത്താണ്.

*ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡെക്സ് (Human Development Index - HDI):* മാനവ വികസന സൂചികയിൽ 134ാം സ്ഥാനത്ത്.

*ഗ്ലോബൽ ഹംഗർ ഇൻഡെക്സ് (Global Hunger Index):* പട്ടിണി സൂചികയിൽ 125ലധികം രാജ്യങ്ങളിൽ ഇന്ത്യ 111ാം സ്ഥാനത്താണ് നിൽക്കുന്നത്.

*മതസ്വാതന്ത്ര്യം:* ഇന്ത്യയിൽ മതസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നുവെന്ന് അന്താരാഷ്ട്ര ഏജൻസികൾ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു.

രാജ്യത്ത് അസംഘടിത മേഖലയിൽ തൊഴിലില്ലായ്മ 85% വരെ ഉയർന്നിരിക്കുന്നു. വിദ്യാഭ്യാസ രംഗത്താകട്ടെ, ഇന്ത്യയിലെ അഞ്ചാം ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽ 50%ൽ താഴെ കുട്ടികൾക്കു മാത്രമെ രണ്ടാം ക്ലാസിലെ ലളിതമായ പാഠങ്ങൾ പോലും വായിക്കാൻ കഴിയുന്നുള്ളൂ എന്നാണ് പഠനങ്ങൾ (ASER റിപ്പോർട്ട്) വ്യക്തമാക്കുന്നത്. 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത സൗജന്യ വിദ്യാഭ്യാസം ഭരണഘടന ഉറപ്പുനൽകുമ്പോഴും അതിന്റെ ഗുണനിലവാരം ചോദ്യം ചെയ്യപ്പെടുന്നു.

മറ്റൊരു വശത്ത്, രാജ്യത്തിന്റെ ഫെഡറൽ സ്വഭാവം തകർക്കപ്പെടുകയാണ്. കേന്ദ്ര-സംസ്ഥാന -കൺകറന്റ് ലിസ്റ്റുകൾ വെട്ടിമാറ്റി, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള മേഖലകൾ (‘പി.എം.ശ്രീ’ പോലെയുള്ള പദ്ധതികളിലൂടെ) യൂണിയൻ ലിസ്റ്റിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നു. മധ്യകാല ഇന്ത്യയുടെ ബഹുസ്വര ചരിത്രങ്ങളെ വെട്ടിമാറ്റി, ഏകാത്മകമായ ഒരു ഇന്ത്യയെ പുതിയ തലമുറയുടെ മനസ്സിൽ കൊത്തിവെക്കാൻ ശ്രമങ്ങൾ നടക്കുന്നു. വിചാരണത്തടവുകാരുടെ എണ്ണം ജയിലുകളിൽ 75% മുതൽ 77% വരെയായി ഉയർന്നുനിൽക്കുന്നത് നമ്മുടെ നീതിന്യായ സിസ്റ്റത്തിന്റെ തകരാറുകളെയാണ് കാണിക്കുന്നത്.

**മാതൃരാജ്യ സ്നേഹം: പ്രവാചക മാതൃക**

ഇത്തരം സങ്കീർണമായ സാഹചര്യങ്ങളിൽ ഇന്ത്യയിലെ ഓരോ പൗരനും രാജ്യത്തിന്റെ ബഹുസ്വരത നിലനിർത്താൻ ദൃഢപ്രതിജ്ഞയെടുക്കേണ്ടതുണ്ട്. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം മാതൃ രാജ്യത്തോടുള്ള സ്നേഹവും അതിന്റെ നിർഭയത്വവും കാത്തു സൂക്ഷിക്കുക എന്നത് വിശ്വാസത്തിന്റെ ഭാഗമാണ്.

മക്കയിൽ നിന്ന് പ്രവാചകൻ(സ്വ) മദീനയിലേക്ക് ഹിജ്റ പോകാൻ നിർബന്ധിതനായപ്പോൾ, വിങ്ങുന്ന ഹൃദയത്തോടെ മക്കയെ നോക്കി പറഞ്ഞ വാക്കുകൾ ഇന്നും ചരിത്രത്തിൽ മുഴങ്ങുന്നുണ്ട്:

'അല്ലാഹുവാണേ സത്യം! നിശ്ചയമായും നീ അല്ലാഹുവിന്റെ ഭൂമിയിൽ വെച്ച് ഏറ്റവും ഉത്തമമായ, അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട ഭൂമിയാണ്. എന്റെ നാട്ടുകാർ എന്നെ പുറത്താക്കിയിരുന്നില്ല എങ്കിൽ ഒരിക്കലും നിന്നെ വിട്ടു ഞാൻ പോകുമായിരുന്നില്ല!'

തന്റെ ഭൗതികവും ആത്മീയവുമായ എല്ലാ പ്രയാസങ്ങൾക്കിടയിലും മാതൃരാജ്യത്തോടുള്ള പ്രവാചകന്റെ സ്നേഹമാണ് ഇവിടെ കാണുന്നത്. തുടർന്ന് മദീനയിലെത്തിയപ്പോൾ ഭരണാധികാരം ലഭിച്ചിട്ടും ഇതര മതവിഭാഗങ്ങളെ (യഹൂദരെ) ചേർത്തുപിടിച്ച് കരാറുണ്ടാക്കിക്കൊണ്ടാണ് നബി(സ്വ) മുന്നോട്ടുപോയത്. തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ, നാടിന്റെ സുരക്ഷയ്ക്കും നിർഭയത്വത്തിനും വേണ്ടിയുള്ള ആ കൂട്ടായ്മയാണ് ഇസ്‌ലാമിക മാതൃക.

അവിശ്വാസികളിൽതന്നെ ഉപദ്രവകാരികളും സമാധാനകാംക്ഷികളുമായ രണ്ടു വിഭാഗമുണ്ടായിരുന്നു. ഭൂരിപക്ഷം വരുന്ന സാധാരണക്കാരായ സമാധാന കാംക്ഷികളോട് എങ്ങനെ വർത്തിക്കണമെന്ന് പരിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നു:

"മതത്തിന്റെ പേരിൽ നിങ്ങളോടു യുദ്ധത്തിനു വരാത്തവരും നിങ്ങളുടെ കിടപ്പാടങ്ങളിൽനിന്നു നിങ്ങളെ പുറത്താക്കാത്തവരുമായ ആളുകളോടു നന്മ ചെയ്യുന്നതും അവരോടു നീതി കാണിക്കുന്നതും അല്ലാഹു വിലക്കുന്നില്ല. നിശ്ചയമായും നീതി പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു" (60:8).

നമ്മുടെ കേരളത്തിൽ ഇന്നും മഹാഭൂരിപക്ഷം ആളുകളും സഹിഷ്ണുതയിലും സഹവർത്തിത്വത്തിലും വിശ്വസിക്കുന്നവരാണ്. സൈബർ ഇടങ്ങളിൽ ചിലർ വിഷം ചീറ്റിയാലും, ജനങ്ങൾ വോട്ട് ചെയ്യുന്നത് മതം നോക്കിയല്ല, മറിച്ച് തങ്ങളുടെ ക്ഷേമവും സമാധാനവും നോക്കിയാണ് എന്നത് ഇവിടുത്തെ ജനങ്ങളുടെ പൊതുബോധത്തെ വ്യക്തമാക്കുന്നു.

**നിരാശ വേണ്ട; ദൈവിക വാഗ്ദാനവും ഉത്തരവാദിത്തവും**

നാട്ടിൽ രാഷ്ട്രീയമായ പ്രയാസങ്ങളോ ന്യൂനപക്ഷ വേട്ടകളോ ഉണ്ടാകുമ്പോൾ വിശ്വാസികൾ അരാഷ്ട്രീയവാദികളാകാനോ അവിശുദ്ധ രാഷ്ട്രീയത്തിന് കൂട്ടുനിൽക്കാനോ പാടില്ല. നമ്മളാൽ കഴിയുന്ന കാര്യങ്ങൾ ഭരണഘടനാപരമായി ചെയ്യുക, അതിനുശേഷം അല്ലാഹുവിൽ തവക്കുൽ ചെയ്യുക (ഭരമേൽപിക്കുക). ശത്രുക്കളുടെ ഏതുതന്ത്രങ്ങളെയും പൊളിക്കാൻ അല്ലാഹുവിന് ഒരു നിമിഷം മതി. വിശുദ്ധ ക്വുർആൻ ഓർമിപ്പിക്കുന്നു: "അവർ തന്ത്രം പ്രയോഗിച്ചു, അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. തന്ത്രം പ്രയോഗിക്കുന്നവരിൽ ഏറ്റവും ഉത്തമൻ അല്ലാഹുവാകുന്നു" (3: 54).

അല്ലാഹുവിന്റെ സഹായം ലഭിക്കണമെങ്കിൽ, വിശ്വാസികൾക്ക് ഭൂമിയിൽ പ്രതാപം ലഭിക്കണമെങ്കിൽ അല്ലാഹു വെച്ച നിബന്ധന നാം പാലിക്കേണ്ടതുണ്ട്:

"നിങ്ങളിൽനിന്നു വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്കു പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ടു കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്കു നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്, എന്നോടു യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേടു കാണിക്കുന്നപക്ഷം അവർതന്നെയാകുന്നു ധിക്കാരികൾ" (24:55).

അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുക, തൗഹീദിൽ (ഏകദൈവവിശ്വാസത്തിൽ)

ഉറച്ചുനിൽക്കുക എന്നതാണ് ഇതിന്റെ ആദ്യ ഉപാധി. ജാറങ്ങളിലും ദർഗകളിലും പോയി അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്ന ശിർക്കൻ ആചാരങ്ങളിൽനിന്ന് മുക്തമായ ഒരു ജീവിതം വിശ്വാസിക്കുണ്ടെങ്കിൽ അല്ലാഹുവിന്റെ കാവലുണ്ടാകും.

കടലിനും ശത്രുപ്പടയ്ക്കും നടുവിൽ വെച്ച് 'എന്റെ റബ്ബ് എന്റെ കൂടെയുണ്ട്' എന്നു പ്രഖ്യാപിച്ച മൂസാനബി(അ)യെ കാത്ത അല്ലാഹുവാണ് നമ്മോടൊപ്പമുള്ളത്! തീജ്വാലകൾക്ക് നടുവിലും 'എനിക്ക് എന്റെ രക്ഷിതാവു മതി, ഭരമേൽപിക്കുവാൻ അവൻ എത്രയോ ഉത്തമൻ' എന്നു പ്രഖ്യാപിച്ച ഇബ്റാഹീം നബി(അ)യെ രക്ഷിച്ച അല്ലാഹുവാണ് നമ്മോടൊപ്പമുള്ളത്! സൗർ ഗുഹയുടെ ഇരുട്ടിൽ വെച്ച് 'ദുഃഖിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്' എന്നു പറഞ്ഞ് അബൂബക്റി(റ)നെ ആശ്വസിപ്പിച്ച മുഹമ്മദ് നബി(സ്വ)യെ രക്ഷിച്ച അല്ലാഹുവാണ് നമ്മുടെ കൂടെയുള്ളത്!

**ആധുനിക അധിനിവേശവും ലിബറലിസത്തിന്റെ ചങ്ങലകളും**

സ്വാതന്ത്ര്യത്തിന്റെ 80 വർഷങ്ങൾ പൂർത്തിയാകുമ്പോൾ നമ്മുടെ കാലിലും കയ്യിലും കഴുത്തിലും അസ്വാതന്ത്ര്യത്തിന്റെ പുതിയ ചങ്ങലകൾ വീണിട്ടുണ്ട്. പണ്ടു ബ്രിട്ടീഷുകാർ അതിർത്തി കടന്നുവന്ന് നമ്മുടെ നാടു പിടിച്ചടക്കുകയായിരുന്നുവെങ്കിൽ, ഇന്ന് അതിർത്തികൾക്ക് അപ്പുറത്തിരുന്ന് നമ്മുടെ വിശ്വാസത്തെയും സംസ്കാരത്തെയും ചിന്തകളെയും സോഷ്യൽ മീഡിയ അൽഗോരിതങ്ങളിലൂടെയും ആഗോള ലിബറലിസത്തിലൂടെയും കീഴടക്കിക്കൊണ്ടിരിക്കുകയാണ്.

നാം എന്തു കാണണം, എന്തു ചിന്തിക്കണം എന്ന് അൽഗോരിതങ്ങൾ തീരുമാനിക്കുന്നു. ഓരോരുത്തരും ഓരോ 'ഫിൽട്ടർ ബബിളിനുള്ളിൽ' അകപ്പെട്ടിരിക്കുന്നു. 'മൈ ബോഡി, മൈ റൈറ്റ്' എന്ന വ്യാജ സ്വാതന്ത്ര്യബോധവും, കെ-പോപ്പ് (K-Pop) സംസ്കാരങ്ങളും, ധാർമികതയില്ലാത്ത ജീവിതരീതികളും നമ്മുടെ പുതിയ തലമുറയുടെ ചിന്തകളെ ഭരിക്കുന്നു.

തന്നിഷ്ടങ്ങളെ ദൈവമാക്കുന്നതിനെക്കുറിച്ച് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നു: "സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം കുഴപ്പത്തിലാകുമായിരുന്നു..." (23:71).

ഈ ധാർമികാധഃപതനത്തിന്റെ അനന്തരഫലങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിൽ പ്രകടമാണ്. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (KSACS) യുടെ സമീപകാല കണക്കുകൾ സൂചിപ്പിക്കുന്നത്, പുതുതായി കണ്ടെത്തുന്ന എച്ച്.ഐ.വി (HIV) രോഗികളിൽ 15നും 30നും ഇടയിൽ പ്രായമുള്ള യുവാക്കളുടെ എണ്ണം ഭയാനകമായി വർധിക്കുന്നു എന്നാണ്. മയക്കുമരുന്ന് ഉപയോഗവും, 'ഡേറ്റിംഗ് ആപ്പു'കൾ വഴിയുള്ള അഴിഞ്ഞാട്ടവുമാണ് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. മയക്കുമരുന്ന് മാഫിയക്കെതിരെ പോലീസ് നടത്തുന്ന റെയ്ഡുകളിൽ പിടിക്കപ്പെടുന്ന യുവാക്കളിൽ മുസ്‌ലിം നാമധാരികളുടെ എണ്ണം കുറവല്ല എന്നത് വേദനാജനകമാണ്.

ഇത്തരം ആന്തരികവും ബാഹ്യവുമായ അധിനിവേശങ്ങളിൽനിന്ന് നമ്മുടെ തലമുറയെ കരകയറ്റുക എന്നതാണ് സ്വാതന്ത്ര്യ ദിനത്തിൽ നാം ഏറ്റെടുക്കേണ്ട പ്രധാന ദൗത്യം. ഉമർ(റ)വിന്റെ പ്രശസ്തമായ പ്രഖ്യാപനം നാം ഓർക്കുക: "നാം ഏറ്റവും നിന്ദ്യരായ ഒരു ജനതയായിരുന്നു. തുടർന്ന് ഇസ്‌ലാം മുഖേന അല്ലാഹു നമുക്ക് പ്രതാപം നൽകി. അല്ലാഹു നമുക്ക് പ്രതാപം നൽകിയ ഇസ്‌ലാമല്ലാത്ത മറ്റൊന്നിലൂടെ നാം പ്രതാപം തേടാൻ ശ്രമിച്ചാൽ അല്ലാഹു നമ്മെ വീണ്ടും നിന്ദ്യരാക്കുകതന്നെ ചെയ്യും."

അപകർഷബോധം മാറ്റിവെച്ച് മതത്തിന്റെ തനിമയിലേക്ക് മടങ്ങുക. രാജ്യത്തിന്റെ ബഹുസ്വരത കാത്തുസൂക്ഷിക്കാനും നാടിന്റെ സമാധാനത്തിനും വേണ്ടി പ്രാർഥിക്കുകയും അധ്വാനിക്കുകയും ചെയ്യുക.

■



# സലഫി വിരുദ്ധരുടെ ലേബൽ രാഷ്ട്രീയം:

## ചരിത്രവും യാഥാർഥ്യവും

ഡോ. ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
: 9497385707

ഈ പ്രപഞ്ചത്തിൽ അല്ലാഹു മനുഷ്യരാശിക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് ഹിദായത്ത് അഥവാ സന്മാർഗം. ആ സന്മാർഗത്തിന്റെ ശുദ്ധവും സ്പഷ്ടവുമായ ഉറവിടമാണ് ഇസ്‌ലാം. പ്രവാചകൻ മുഹമ്മദ് (സ്വ) കാട്ടിത്തന്ന, അവിടുത്തെ അനുയായികളും സച്ചരിതരായ മറ്റു മുൻഗാമികളും നടന്നുതീർത്ത ആ നേർവഴിയിൽ യാതൊരുവിധ കൂട്ടിച്ചേർക്കലുകൾക്കോ മാറ്റത്തിരുത്തലുകൾക്കോ സ്ഥാനമില്ല.

**ഇസ്‌ലാമിന്റെ ആശയപരമായ അടിത്തറ തകർക്കാൻ ഗൂഢാലോചന നടത്തുന്ന ബാഹ്യശക്തികളും അതിന് അസ്തിവാരം പണിയുന്ന ആഭ്യന്തരശത്രുക്കളും ഒരുപോലെ പ്രയത്നിച്ചത് നക്ഷത്രതുല്യരായ അതിന്റെ പ്രബോധകരെ കരിവാരിത്തേക്കാനാണ്. ആധുനികകാലത്ത്, സംശുദ്ധമായ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന സലഫീ പണ്ഡിതരാണ് ഇരഭാഗത്ത് എന്നത് അവരുടെ മാറ്റ് കൂട്ടുന്നതിനല്ലാത്ത മറ്റൊന്നിന്റെയും തെളിവല്ല.**

എന്നാൽ, കാലാന്തരങ്ങളിൽ മുസ്‌ലിം സമുദായത്തിൽ പ്രത്യക്ഷപ്പെട്ട വിഘടനവാദികളും ദുരാചാരങ്ങളുടെ വക്താക്കളും ഈ ശുദ്ധമായ ആദർശത്തെ തകർക്കാനും തങ്ങളുടെ രാഷ്ട്രീയ-സംഘടനാ താല്പര്യങ്ങൾക്ക് അനുകൂലമായി അതിനെ വളച്ചൊടിക്കാനും നിരന്തരം ശ്രമിച്ചിട്ടുണ്ട്, ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിനായി അവർ സ്വീകരിക്കുന്ന ഏറ്റവും അപകടകരമായ ആയുധമാണ് ആക്ഷേപപ്പേരുകൾ ഉൾപ്പെടുന്ന ലേബലുകൾ ഒട്ടിക്കലും വിളിക്കലും.

ആദർശപരമായ സംവാദങ്ങളിൽ പരാജയപ്പെടുമ്പോൾ, തങ്ങളുടെ അന്ധമായ കക്ഷിത്വത്തിന്റെ പൊള്ളത്തരം ജനങ്ങൾക്കു മുന്നിൽ തുറന്നുകാട്ടപ്പെടുമ്പോൾ, അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ പണ്ഡിതന്മാരെ ജനമധ്യത്തിൽ തരംതാഴ്ത്താനും അവരിൽനിന്ന് ജനങ്ങളെ അകറ്റാനുമായി ഈ പുത്തൻ വാദികൾ ഉപയോഗിക്കുന്ന ആസൂത്രിത തന്ത്രമാണ് ചില പണ്ഡിതന്മാരുടെ പേരുകളിലേക്ക് ചേർത്ത് 'മദ്ഖലി' എന്നും 'റസ്‌ലാനി' എന്നും മറ്റുമുള്ള ലേബലുകൾ ഒട്ടിക്കുന്നത്. എന്നാൽ, ഇതേ ആളുകൾ എന്തുകൊണ്ട് അഹ്‌ലുസ്സുന്നത്തിന്റെ മറ്റു മഹാന്മാരായ പണ്ഡിതന്മാരെ ചേർത്ത് 'ഉസൈമീനി' എന്നോ 'ഫൗസാനി' എന്നോ വിളിക്കുന്നില്ല എന്ന ചോദ്യം നമ്മെ എത്തിക്കുന്നത് കപടചിന്തകരുടെയും കക്ഷിത്വവാദികളുടെയും വലിയൊരു ഗൂഢാലോചനയിലേക്കാണ്.

യഥാർഥത്തിൽ ഇസ്‌ലാമിക ചരിത്രത്തിൽ പുത്തനാശയക്കാർ എന്നും സ്വീകരിച്ചുപോന്ന ഒരു പൊതുരീതിയാണിത്. സ്വഹാബത്തിന്റെ കാലംതൊട്ട് ഇന്നുവരെയുള്ള ചരിത്രം പരിശോധിച്ചാൽ നമുക്കിത് വ്യക്തമാകും. ഖവാരിജുകളും മുഅ്തസിലുകളും ശിയാക്കളും ജഹ്മികളുമെല്ലാം അഹ്‌ലുൽ ഹദീസിനെയും സലഫീ പണ്ഡിതന്മാരെയും 'ഹശവിയ്യ്' എന്നും 'മുശബ്ബിഹ' എന്നും 'നാസിബിയ്യ്' എന്നുമൊക്കെ വിളിച്ച് ആക്ഷേപിച്ചിരുന്നു. ഇതേ ചരിത്രപരമായ അസഹിഷ്ണുതയുടെ ആധുനിക പതിപ്പുകളാണ് ഇഖ്‌വാനുൽ മുസ്‌ലിമൂൻ, സുറൂരികൾ തുടങ്ങിയ അഭിനവ ഖവാരിജുകളിൽനിന്നും വിഘടനവാദിക ളിൽനിന്നും നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

തങ്ങളുടെ രാഷ്ട്രീയ അജണ്ടകൾക്ക് തടസ്സമായി നിൽക്കുന്ന, സലഫീമൻഹജിനെ അണുവിട വ്യതിചലിക്കാതെ കാത്തുസൂക്ഷിക്കുന്ന പണ്ഡിതന്മാരെ ഒറ്റപ്പെടുത്തി ആക്രമിക്കുക എന്നതാണ് ഇവരുടെ മുഖ്യ ലക്ഷ്യം. ശൈഖ് റബീഅ് ബിൻ ഹാദി അൽമദ്ഖലി, ശൈഖ് മുഹമ്മദ് സഈദ് റസ്‌ലാൻ, സൗദി അറേബ്യയിലെ വിവിധ പണ്ഡിത പ്രമുഖന്മാർ തുടങ്ങിയവരെ ഇവർ പ്രത്യേകം ലക്ഷ്യം വയ്ക്കുന്നതിന്റെ കാരണം, അവർ എന്നും ബിദ്അത്തിന്റെ വക്താക്കളുടെ മുഖംമൂടി വലിച്ചുകീറുന്നതിൽ കാണിച്ച അസാധാരണമായ ആർജവവും ധീരതയുമാണ്.

മതത്തിൽ പുതിയൊരു മൻഹജോ അക്വീദയോ ശൈഖ് റബീഅ്, ശൈഖ് റസ്‌ലാൻ എന്നിവർക്കില്ല എന്നതാണ് യാഥാർഥ്യം. അവർ പ്രബോധനം ചെയ്യുന്നത് പ്രവാചകനും സ്വഹാബത്തും നിലകൊണ്ട ശുദ്ധമായ ഇസ്‌ലാമിക മാർഗം തന്നെയാണ്. ഇമാമുമാരായ അഹ്മദ് ബിൻ ഹമ്പൽ(റഹി), ഇബ്നു തൈമിയ്യ(റഹി), ഇബ്നുൽ ക്വയ്യിം(റഹി), മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് (റഹി) തുടങ്ങിയ മഹത്തുക്കൾ പ്രമാണബദ്ധമായി വിശദീകരിച്ച അതേ മൻഹജ് തന്നെയാണ്

**ഖവാരിജുകളും മുഅ്തസിലുകളും ശിയാക്കളും ജഹ്മികളുമെല്ലാം അഹ്‌ലുൽ ഹദീസിനെയും സലഫീ പണ്ഡിതന്മാരെയും ‘ഹശവിയ്യ’ എന്നും ‘മുശബ്ബിഹ’ എന്നും ‘നാസിബിയ്യ’ എന്നുമൊക്കെ വിളിച്ച് ആക്ഷേപിച്ചിരുന്നു. ഇതേ ചരിത്രപരമായ അസഹിഷ്ണുതയുടെ ആധുനിക പതിപ്പുകളാണ് ഇഖ്‌വാനുൽ മുസ്‌ലിമൂൻ, സുറൂരികൾ തുടങ്ങിയ അഭിനവ ഖവാരിജുകളിൽനിന്നും വിഘടനവാദികളിൽനിന്നും നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.**

ഇവരുടെതും. ശൈഖ് ഇബ്നു ബാസ്(റഹി), ശൈഖ് ഇബ്നു ഉസൈമീൻ (റഹി) എന്നിവർ പകർന്നുനൽകിയതും, ശൈഖ് സ്വാലിഹ് അൽഫൗസാൻ പഠിപ്പിച്ചു കൊണ്ടിരിക്കുന്നതുമായ അതേ തൗഹീദും സുന്നത്തും തന്നെയാണ് ഇവരും ജനങ്ങളിലേക്ക് എത്തിക്കുന്നത്.

എന്നാൽ, സംഘടനകൾക്കും നേതാക്കൾക്കും അതീതമായി പ്രമാണങ്ങൾക്ക് മാത്രം മുൻഗണന നൽകുന്ന സലഫീ ദഅ്‌വത്തിന്റെ അന്തസ്സത്തയെ തകർക്കാൻ ആഗ്രഹിക്കുന്ന ഹിസ്ബികളും ഇഖ്‌വാനികളും ഈ മൻഹജിനെ വ്യക്തികളിലേക്ക് ചുരുക്കിക്കാണിക്കാൻ ശ്രമിക്കുന്നു. ഇത് കേൾക്കുന്ന സാധാരണക്കാർ വിചാരിക്കുന്നത് ‘മദ്ഖലിയ്യത്ത്’ എന്നാൽ ശൈഖ് റബീഅ് പുതുതായി നിർമിച്ച ഏതോ ഒരു കക്ഷിയാണെന്നാണ്. അഹ്‌ലുസ്സുന്നയുടെ പ്രമാണങ്ങളെയും ക്വുർആനും സുന്നത്തും അനുസരിച്ചുള്ള ജീവിതരീതിയെയും തമസ്കരിക്കാൻ വേണ്ടിയുള്ള ആസൂത്രിതമായ ഒരു പുകമറ മാത്രമാണിത്.

ശൈഖ് റബീഅ് ബിൻ ഹാദിയെ ‘ഇമാമുൽ ജർഹി വത്തഅ്ദീൽ’ (വ്യക്തികളെയും ആശയങ്ങളെയും പ്രമാണബദ്ധമായി വിമർശിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ശാസ്ത്രത്തിലെ ഈ നൂറ്റാണ്ടിലെ ഇമാം) എന്നാണ് മഹാന്മാരായ പണ്ഡിതന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. സലഫീ ആദർശത്തിനു നേരെ വരുന്ന ഏതൊരു പുത്തനാശയത്തെയും അതിന്റെ മുളയിലേ നുള്ളിക്കളയാൻ തയ്യാറായ പടയാളിയാണ് അദ്ദേഹം. സൗദി അറേബ്യയുടെ മുൻ മുഫ്തി ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ്, ശൈഖ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽഅൽബാനി, ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽഉസൈമീൻ തുടങ്ങിയ, അഹ്‌ലുസ്സുന്നത്തിന്റെ ഉന്നതരായ നിരവധി പണ്ഡിതന്മാർ ശൈഖ് റബീഇനെ പരസ്യമായി പ്രശംസിക്കുകയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെയും ദഅ്‌വത്തിനെയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശൈഖ് അൽബാനി(റഹി) ഒരിക്കൽ പറയുകയുണ്ടായി: ‘ഈ കാലഘട്ടത്തിൽ സുന്നത്തിനെ പ്രതിരോധിക്കുന്നതിലും അതിലേക്ക് ക്ഷണിക്കുന്നതിലും ബിദ്അത്തുകാരെ തിരിച്ചറിയുന്നതിലും ശൈഖ് റബീഇനെപ്പോലെ മറ്റാരുമില്ല.’ ശൈഖ് ഇബ്നു ഉസൈമീൻ (റഹി) അദ്ദേഹത്തിന്റെ ദീനിയായ ആവേശത്തെയും സുന്നത്തിനോടുള്ള പ്രതിബദ്ധതയെയും ഏറെ പ്രകീർത്തിച്ചിട്ടുണ്ട്.

ഈജിപ്തിന്റെ മണ്ണിൽ നിന്നുകൊണ്ട് ഇഖ്‌വാനികളുടെയും മറ്റു വിഘടനവാദികളുടെയും ഭരണാധികാരികൾക്കെതിരെയുള്ള കലാപ ചിന്തകളുടെയും പൊള്ളത്തരങ്ങൾ പ്രമാണങ്ങളുടെ വെളിച്ചത്തിൽ തുറന്നുകാട്ടുന്ന പണ്ഡിതനാണ് ശൈഖ് മുഹമ്മദ് സഈദ് റസ്‌ലാൻ. ശൈഖ് സ്വാലിഹ് അൽസുഹൈമി, ശൈഖ് സുലൈമാൻ അൽറുഹൈലി തുടങ്ങിയ പ്രമുഖ പണ്ഡിതന്മാർ അദ്ദേഹത്തിന്റെ ദഅ്‌വത്തിനെ പിന്തുണക്കുകയും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ ആദരിക്കുകയും ചെയ്യുന്നുണ്ട്.

എന്നിട്ടും എന്തുകൊണ്ടാണ് വിഘടനവാദികൾ ശൈഖ് ഫൗസാനെയും ശൈഖ് ഇബ്നു ഉസൈമീനെയും പോലുള്ളവരെ വിട്ട്, ശൈഖ് റബീഇനെയും ശൈഖ് റസ്‌ലാനെയും മാത്രം വ്യക്തിപരമായി അധിക്ഷേപിക്കുന്നത്? ഇതിനു പിന്നിൽ കൃത്യമായ ഒരു മനഃശാസ്ത്രപരമായ തന്ത്രമുണ്ട്. ശൈഖ് ഇബ്നു ഉസൈമീനും ശൈഖ് ഫൗസാനും ലോകമെമ്പാടുമുള്ള മുസ്‌ലിംകൾക്കിടയിൽ വലിയ സ്വീകാര്യതയുള്ള

പണ്ഡിതന്മാരാണ്. അവരെ പരസ്യമായി തള്ളിപ്പറഞ്ഞാൽ തങ്ങളുടെ തനിനിറം പുറത്താകുമെന്നും ജനങ്ങൾ തങ്ങളെ പൂർണമായും ബഹിഷ്കരിക്കുമെന്നും ഈ ഹിസ്ബി ബ്രദറന്മാർക്ക് നന്നായറിയാം. അതിനാൽ, അവർ ഈ പണ്ഡിതന്മാർക്കിടയിൽ ഒരു കൃത്രിമമായ വേർതിരിവ് സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ശൈഖ് ഫൗസാനും ശൈഖ് ഉസൈമീനും മാന്യന്മാരായ പണ്ഡിതന്മാരാണെന്നും, എന്നാൽ ശൈഖ് റബീഉം ശൈഖ് റസ്‌ലാനും കഠിനമനസ്കരും ഉമ്മത്തിനെ ഭിന്നിപ്പിക്കുന്നവരുമാണെന്നുമുള്ള ഒരു തെറ്റായ ചിത്രം അവർ സമൂഹത്തിൽ പ്രചരിപ്പിക്കുന്നു. യഥാർഥത്തിൽ ഇവർ പറയുന്നതിൽ വല്ല സത്യവുമുണ്ടോ? ഒരിക്കലുമില്ല! ശൈഖ് സ്വാലിഹ് അൽഫൗസാന്റെ ഗ്രന്ഥങ്ങളും ഫത്‌വകളും പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും.

**മുസ്‌ലിം ഉമ്മത്തിന്റെ ഐക്യം എന്നത് കേവലം ഉത്സവപ്പറമ്പിലെ ജനങ്ങളുടെ എണ്ണം കൂട്ടലല്ല, മറിച്ച് ആദർശപരമായ ഐക്യമാണ്. അല്ലാഹുവിന്റെ പാശത്തിൻ ഒന്നിച്ച് മുറുകെ പിടിക്കുക എന്നാണ് ക്വുർആൻ കൽപിക്കുന്നത്. ആ പാശം ക്വുർആനും സുന്നത്തുമാണ്. അതിൽനിന്ന് വ്യതിചലിക്കുന്നവരെക്കുറിച്ച് മുന്നറിയിപ്പ് നൽകുക എന്നത് ദീനിന്റെ നിലനിൽപിന് എന്നും എപ്പോഴും അത്യാവശ്യമാണ്.**




‘ഇഖ്‌വാനുൽ മുസ്‌ലിമൂൻ’ എന്ന സംഘടനയെക്കുറിച്ചും അവരുടെ ദുർവ്യാഖ്യാനങ്ങളെക്കുറിച്ചും ഹസനുൽ ബന്ന, സയ്യിദ് ഖുതുബ് തുടങ്ങിയവരുടെ ആദർശപരമായ പിഴവുകളെക്കുറിച്ചും ഏറ്റവും ശക്തമായി എഴുതുകയും സംസാരിക്കുകയും ചെയ്ത പണ്ഡിതന്മാരിൽ ഒരാളാണ് ശൈഖ് സ്വാലിഹ് അൽഫൗസാൻ. ഇസ്‌ലാമിന്റെ പേരിൽ ജനാധിപത്യത്തിനും വിപ്ലവങ്ങൾക്കും വേണ്ടി വാദിക്കുന്നവരെ അദ്ദേഹം കഠിനമായി വിമർശിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ എന്തുകൊണ്ട് അവർ ശൈഖ് ഫൗസാനെ ആക്ഷേപിക്കുന്നില്ല? കാരണം, സലഫീ മൻഹജിന്റെ പ്രതിരോധനിരയിലെ ഏറ്റവും ശക്തരായ കാവൽക്കാരെ ആദ്യം തകർക്കുക, അതിലൂടെ ബാക്കിയുള്ളവരിലേക്ക് എളുപ്പത്തിൽ കടന്നുചെല്ലുക എന്ന കുടിലതന്ത്രമാണ് അവർ പയറ്റുന്നത്.

ഓരോ പണ്ഡിതന്റെയും ജീവിതസാഹചര്യങ്ങളും അവർ ജീവിക്കുന്ന സമൂഹത്തിന്റെ ആവശ്യങ്ങളും വ്യത്യസ്തമായിരിക്കാം. ശൈഖ് ഇബ്നു ഉസൈമീൻ ഫിക്വ്ഹിലും ഉസൂലുൽ ഫിക്വ്ഹിലും ക്വുർആൻ തഫ്സീറിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, ശൈഖ് റബീഅ് അക്കാലഘട്ടത്തിൽ ഉമ്മത്തിലേക്ക് ഇരച്ചുകയറിയ ഇഖ്‌വാനി-സുറൂരി ചിന്താഗതികളെ പ്രതിരോധിക്കുന്നതിൽ കൂടുതൽ സമയം ചെലവഴിച്ചു. ഇത് മൻഹജിലെ വ്യത്യാസമല്ല, മറിച്ച് ദീനിന്റെ സേവനത്തിലുള്ള വൈവിധ്യം (തനവ്വുഅ്) മാത്രമാണ്.

അഹ്‌ലുസ്സുന്ന വൽജമാഅയുടെ ഏറ്റവും പ്രധാനപ്പെട്ട സവി

**വസ്തുതകൾ യഥാവിധി തിരിച്ചറിയാതെ, താനും സലഫിയാണെന്ന വാദത്തിൽ സലഫികളോടൊപ്പം കൂടിയിട്ടുള്ള അൽപജ്ഞാനികളായ ഒരുപറ്റം ആളുകളാണ് പുത്തൻവാദികളായ ഗ്രൂപ്പിസത്തിന്റെ വക്താക്കളുടെ ഈ ലേബലൊട്ടിക്കലുകൾ കണ്ട് പരിഭ്രമിച്ച് പിന്നോട്ട് മാറുന്നത്. കഴിഞ്ഞ 14 നൂറ്റാണ്ടുകാലം അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത് പിന്നിട്ട ആദർശപരമായ പാതയെപ്പറ്റിയുള്ള ചരിത്രപരമായ അജ്ഞതയാണ് ഇവരുടെ മുഖ്യ പ്രതിസന്ധി. ശരിയായ ചരിത്രവിജ്ഞാനം നുകർന്ന് ഈ അജ്ഞതക്ക് പരിഹാരം കാണാൻ അത്തരക്കാരെ നാം ഗൗരവപൂർവം ഓർമപ്പെടുത്തേണ്ടതുണ്ട്.**

ശേഷതകളിൽ ഒന്ന്, അവർ പ്രമാണങ്ങളെയാണ് സ്നേഹിക്കുന്നത്, വ്യക്തികളെയല്ല എന്നതാണ്. സലഫികൾ ഒരിക്കലും വ്യക്തിപൂജ നടത്തുന്ന വരല്ല. ഇബ്നു അബ്ബാസ്(റ) ഒരിക്കൽ പറയുകയുണ്ടായി: 'പ്രവാചകൻ(സ്വ) പറഞ്ഞു എന്ന് ഞാൻ പറയുമ്പോൾ അബൂബക്‌റും ഉമറും അങ്ങനെ പറഞ്ഞു എന്നു പറഞ്ഞ് നിങ്ങൾ എന്നെ എതിർക്കുകയാണോ? നിങ്ങളുടെ മേൽ ആകാശത്തുനിന്ന് കല്ലുകൾ വർഷിക്കാറായിരിക്കുന്നു.' ഇതാണ് സലഫീ നിലപാട്.

അബൂബക്ർ(റ), ഉമർ(റ) എന്നീ ഉത്തമ വ്യക്തിത്വങ്ങളുടെ വാക്കുകൾക്ക് പ്രവാചക വചനത്തിന് മുകളിൽ സ്ഥാനമില്ല എന്നിരിക്കെ, പിന്നെ എങ്ങനെയാണ് സമകാലികരായ പണ്ഡിതന്മാരുടെ വാക്കുകളെ അന്ധമായി പിൻപറ്റാൻ സലഫികൾക്ക് സാധിക്കുക? ശൈഖ് റബീഇന്റെയോ ശൈഖ് റസ്‌ലാന്റെയോ വാക്കുകൾ ക്വുർആനിനും സുന്നത്തിനും സലഫുസ്സ്വാലിഹുകളുടെ ഏകോപിത അഭിപ്രായത്തിനും യോജിച്ചതാണെങ്കിൽ മാത്രം നാം അത് സ്വീകരിക്കുന്നു. അവർ മനുഷ്യരാണ്, അവർക്ക് അബദ്ധങ്ങൾ സംഭവിക്കാം. സംഭവിച്ചാൽ അഹ്‌ലുസ്സുന്നത്തിന്റെ മറ്റു പണ്ഡിതന്മാർ അത് ചൂണ്ടിക്കാണിക്കുകയും തിരുത്തുകയും ചെയ്യും.

എന്നാൽ ഹിസ്ബി-ബ്രദറുകളുടെ അവസ്ഥ അതല്ല. അവർ തങ്ങളുടെ സംഘടനാ നേതാക്കളെ അപ്രമാദിത്വമുള്ളവരായി കാണുന്നു. ഹസനുൽ ബന്നയുടെയോ സയ്യിദ് ഖുതുബിന്റെയോ പുസ്തകങ്ങളിലെ ഗുരുതരമായ വിശ്വാസപരമായ പിഴവുകളും സത്യനിഷേധവും ചൂണ്ടിക്കാണിച്ചാൽ പോലും അവർ അത് അംഗീകരിക്കാൻ തയ്യാറാകില്ല. മറിച്ച്, ആ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്ന പണ്ഡിതന്മാരെ 'മദ്ഖലി' എന്നു വിളിച്ച് ആക്ഷേപിക്കാനാണ് അവർ മുതിരുന്നത്.

മുസ്‌ലിം ഉമ്മത്തിന്റെ ഐക്യം എന്നത് കേവലം ഉത്സവപ്പറമ്പിലെ ജനങ്ങളുടെ എണ്ണം കൂട്ടലല്ല, മറിച്ച് ആദർശപരമായ ഐക്യമാണ്. അല്ലാഹുവിന്റെ പാശത്തിൽ ഒന്നിച്ച് മുറുകെ പിടിക്കുക എന്നാണ് ക്വുർആൻ കൽപിക്കുന്നത്. ആ പാശം ക്വുർആനും സുന്നത്തുമാണ്. അതിൽനിന്ന് വ്യതിചലിക്കുന്നവരെക്കുറിച്ച് മുന്നറിയിപ്പ് നൽകുക എന്നത് ദീനിന്റെ നിലനിൽപിന് എന്നും എപ്പോഴും അത്യാവശ്യമാണ്. ശൈഖ് റബീഉം ശൈഖ് റസ്‌ലാനും ചെയ്തത് ഈ വലിയൊരു ഉത്തരവാദിത്തമാണ്.

ഭരണാധികാരികൾക്കെതിരെ ജനങ്ങളെ ഇളക്കിവിടുന്ന ഖവാരിജുകളുടെ ചിന്താഗതികളെ അവർ തുറന്നുകാട്ടി. ഇസ്‌ലാമിക നാമങ്ങളിൽ അറിയപ്പെടുന്ന പ്രമുഖ സംഘടനകളുടെയുള്ളിലെ രാഷ്ട്രീയ മോഹങ്ങളെ അവർ ജനങ്ങൾക്ക് മുന്നിൽ വ്യക്തമാക്കി. ഈ നഗ്നസത്യങ്ങൾ സഹിക്കാൻ കഴിയാത്തതുകൊണ്ടാണ് ഹിസ്ബികൾ ഈ പണ്ഡിതന്മാർക്കെതിരെ സൈബർ ഇടങ്ങളിലും പ്രസംഗവേദികളിലും കടുത്ത അപവാദ പ്രചാരണങ്ങൾ നടത്തുന്നത്.

അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതന്മാരെല്ലാം ഒരേ ലക്ഷ്യത്തിലേക്ക് വിരൽ ചൂണ്ടുന്നവരാണ്. അവർ തമ്മിൽ സ്നേഹത്തിലും ബഹുമാനത്തിലുമാണ് കഴിഞ്ഞുകൂടിയത്. പരിഹാസപ്പേരുകൾ വിളിച്ച് പണ്ഡിതന്മാ

രെ തരംതിരിക്കുന്ന പുത്തൻവാദികളുടെ കെണിയിൽ വീഴാതിരിക്കുവാൻ നാം ജാഗ്രത കാണിക്കണം. മുൻഗാമികളായ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിലേക്കും അവലംബങ്ങളിലേക്കും മടങ്ങുക, പ്രമാണങ്ങളെ മുറുകെ പിടിക്കുക, പണ്ഡിതന്മാരെ ആദരിക്കുകയും അവരുടെ ദഅ്വത്തിനെ തുരങ്കം വെക്കാൻ ശ്രമിക്കുന്ന കപടൻമാരെ തിരിച്ചറിയുകയും ചെയ്യുക എന്നതാണ് ഒരു യഥാർഥ വിശ്വാസിയുടെ ലക്ഷണം.

വസ്തുതകൾ യഥാവിധി തിരിച്ചറിയാതെ, താനും സലഫിയാണെന്ന വാദത്തിൽ സലഫികളോടൊപ്പം കൂടിയിട്ടുള്ള അൽപജ്ഞാനികളായ ഒരുപറ്റം ആളുകളാണ് പുത്തൻവാദികളായ ഇത്തരം ഗ്രൂപ്പിസത്തിന്റെ വക്താക്കളുടെ ഈ ലേബലൊട്ടിക്കലുകൾ കണ്ട് പരിഭ്രമിച്ച് പിന്നോട്ട് മാറുന്നത്. കഴിഞ്ഞ 14 നൂറ്റാണ്ടുകാലം അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത് പിന്നിട്ട ആദർശപരമായ പാതയെപ്പറ്റിയുള്ള ചരിത്രപരമായ അജ്ഞതയാണ് ഇവരുടെ മുഖ്യ പ്രതിസന്ധി. ശരിയായ ചരിത്രവിജ്ഞാനം നുകർന്ന് ഈ അജ്ഞതക്ക് പരിഹാരം കാണാൻ അത്തരക്കാരെ നാം ഗൗരവപൂർവം ഓർമപ്പെടുത്തേണ്ടതുണ്ട്.

ഇസ്‌ലാമിന്റെ ആദർശപരമായ അടിത്തറ തകർക്കാൻ ശ്രമിക്കുന്ന ബാഹ്യശക്തികളുടെയും ആഭ്യന്തര ശത്രുക്കളുടെയും ഗൂഢാലോചനകൾ ചരിത്രത്തിൽ പുതിയതല്ല. പണ്ഡിതന്മാർക്കെതിരെയുള്ള ഈ ആസൂത്രിത അപവാദ പ്രചാരണങ്ങൾക്ക് പിന്നിൽ ഇന്ന് ഇഖ്‌വാനി-സുറൂരി കക്ഷികൾ മാത്രമല്ല ഉള്ളത്, മറിച്ച് അവർക്ക് അണിയറയിൽ തണലൊരുക്കുന്ന വലിയൊരു ശിയാ-സ്വൂഫി ലോബി കൂടിയുണ്ട്. സലഫീ മൻഹജിനെ 'മദ്ഖലിസം' എന്നും 'റസ്‌ലാനിസം' എന്നും വിളിച്ച് ആക്ഷേപിക്കുന്ന പുത്തൻവാദികളുടെ ഈ തന്ത്രത്തിന് ഏറ്റവും കൂടുതൽ പ്രചാരണവും സാമ്പത്തിക-മാധ്യമ പിന്തുണയും നൽകുന്നത് ഈ ശിയാ-സ്വൂഫി അച്ചുതണ്ടാണ്. കാരണം, തൗഹീദിന്റെ ശുദ്ധമായ പ്രബോധനവും ശിർക്കിനും ബിദ്അത്തിനുമെതിരെയുള്ള സന്ധിയില്ലാത്ത സമരവുമാണ് തങ്ങളുടെ നിലനിൽപിന് ഏറ്റവും വലിയ ഭീഷണിയെന്ന് ഈ ലോബികൾക്ക് നന്നായറിയാം.

ക്വബ്‌റാരാധനയും അന്ധവിശ്വാസങ്ങളും ദീനിന്റെ ഭാഗമാക്കാൻ ശ്രമിക്കുന്ന സ്വൂഫികൾക്കും സ്വഹാബത്തിനെ ചീത്തവിളിക്കുകയും ഇസ്‌ലാമിക പ്രമാണങ്ങളെ വികലമാക്കുകയും ചെയ്യുന്ന റാഫിദികളായ ശിയാക്കൾക്കും ബ്രദറന്മാർക്കും സലഫീ പണ്ഡിതന്മാരുടെ സാന്നിധ്യം എപ്പോഴും വലിയൊരു തലവേദനയാണ്. സലഫീ മൻഹജിന്റെ പ്രതിരോധനിരയിലെ ഏറ്റവും ശക്തരായ കാവൽക്കാരായ ശൈഖ് റബീഇനെയും ശൈഖ് റസ്‌ലാനെയും ജനമധ്യത്തിൽ തരംതാഴ്ത്താൻ കഴിഞ്ഞാൽ, അത് അഹ്‌ലുസ്സുന്നയുടെ ആദർശക്കോട്ടയിൽ വിള്ളലുണ്ടാക്കാമെന്ന് ഈ ലോബികൾ കണക്കുകൂട്ടുന്നു. വിപ്ലവ ചിന്താഗതിക്കാരായ ഇഖ്‌വാനികളെ മുൻനിർത്തിക്കൊണ്ട്, തങ്ങളുടെ പാവകളായ ഏതാനും അൽപജ്ഞാനികളെ ഉപയോഗിച്ച് അവർ സുന്നത്തിന്റെ പണ്ഡിതന്മാർക്കെതിരെ സൈബർ യുദ്ധം നയിക്കുകയാണ്.

ഇസ്‌ലാമിക ചരിത്രത്തിന്റെ താളുകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, സത്യവും അസത്യവും തമ്മിലുള്ള പോരാട്ടം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല എന്നാണ്. പ്രവാചകാനുയായികളുടെ കാലംതൊട്ട് തുടങ്ങി, താബിഉകളുടെയും ഉത്തമ നൂറ്റാണ്ടുകളിൽ ജീവിച്ച മറ്റു മുൻഗാമികളുടെയും കാലഘട്ടത്തിലൂടെ കടന്ന് 2026ൽ എത്തിനിൽക്കുമ്പോഴും അഹ്‌ലുസ്സുന്നയുടെ പണ്ഡി തന്മാർ നിരന്തരമായ പരീക്ഷണങ്ങളെയും ആക്ഷേപങ്ങളെയും അഭിമുഖീകരിച്ചിട്ടുണ്ട്. അമീറുൽ മുഅ്മിനീൻ ഉസ്മാൻ ബിൻ അഫ്ഫാൻ(റ)വിന്റെ രക്തസാക്ഷിത്വത്തിലേക്ക് നയിച്ച ഖവാരിജുകളുടെ ആവിർഭാവം മുതൽ ഇങ്ങോട്ട്, ആദർശത്തിൽ വികലത സംഭവിച്ച പുത്തൻവാദികളെല്ലാം അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർക്കെതിരെ പ്രയോഗിച്ച അതേ തന്ത്രംതന്നെയാണ് ഇന്നത്തെ ഹിസ്ബികളും ശിയാ-സ്വൂഫി കൂട്ടുകെട്ടും തുടരുന്നത്.

ഹിജ്‌റ രണ്ടാം നൂറ്റാണ്ടിൽ ഇമാം അഹ്‌മദ് ബിൻ ഹമ്പൽ (റഹി) അല്ലാഹുവിന്റെ കലാംസ്വ

ഷ്ടിയല്ല എന്ന ആദർശത്തിൽ ഉറച്ചുനിന്നപ്പോൾ, ഭരണകൂടത്തിന്റെ ഒത്താശയോടെ മുഅ്തസിലികൾ അദ്ദേഹത്തെ വേട്ടയാടുകയും തടവിലിട്ട് പീഡിപ്പിക്കുകയും ചെയ്തു. അന്ന് അവർ അദ്ദേഹത്തിനെ നിരവധി ആക്ഷേപ നാമങ്ങൾ വിളിച്ച് അധിക്ഷേപിച്ചു.

പിൽക്കാലത്ത് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യും അദ്ദേഹത്തിന്റെ പ്രിയശിഷ്യൻ ഇബ്നുൽ ക്വയ്യിമും(റഹി) തൗഹീദിന്റെ വീണ്ടെടുപ്പിനായി രംഗത്തുവന്നപ്പോൾ അക്കാലത്തെ ബിദ്അത്തുകാർ അവരെ കാഫിറാക്കാനും ജയിലിലടയ്ക്കാനും മുന്നിൽ നിന്നു.

ഹിജ്റ പന്ത്രണ്ടാം നൂറ്റാണ്ടിൽ നജ്ദിന്റെ മണ്ണിൽ തൗഹീദിന്റെ പുനരുജ്ജീവനത്തിന് നേതൃത്വം നൽകിയ ഇമാം മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബിന്റെ ആദർശപ്രചാരണത്തെ തടയാൻ അന്ന് റാഫിദികളും സ്വൂഫികളും ഇതര ശത്രുക്കളും ചേർന്ന് ഉണ്ടാക്കിയ പേരാണ് 'വഹ്ഹാബികൾ' എന്നത്.

ഗതകാലചരിത്രത്തിലുള്ള അജ്ഞതയാണ് പുത്തൻവാദികൾ 'മദ്ഖലി' എന്നോ 'റസ്‌ലാനി' എന്നോ വിളിക്കുമ്പോൾ ചില സലഫി പ്രവർത്തകർക്ക് പരിഭ്രമവും അപകർഷബോധവും ഉണ്ടാക്കുന്നത്. തങ്ങൾ പുതിയ ഏതോ ഒരു കക്ഷിയുടെ ഭാഗമാണോ എന്ന ഭയം അവരെ പിടികൂടുന്നു. എന്നാൽ, അഹ്‌ലുസ്സുന്നയുടെ ചരിത്രവും അസ്തിത്വവും ശരിയായി പഠിച്ച ഒരാൾക്കും ഈ ലേബലുകൾ കണ്ട് ഭയപ്പെടേണ്ടി വരില്ല.

ശൈഖ്റബീഉംശൈഖ്റസ്‌ലാനുംനജ്ദിപണ്ഡിതന്മാരും അഹ്‌ലുസ്സുന്നത്തിന്റെ പ്രതിരോധക്കോട്ടയിലെ ധീരരായ കാവൽക്കാർ മാത്രമാണ്. അവർ നിർമിച്ച പ്രത്യേക ആശയങ്ങളൊന്നുമില്ല. ശത്രുക്കൾ അവരെ വ്യക്തിപരമായി ആക്രമിക്കുന്നത്, അവരിലൂടെ സലഫീ ദഅ്‌വത്തിന്റെ വേരറുക്കാൻ വേണ്ടി മാത്രമാണ്. അതിനാൽ ഈ വഴിയിൽ പരിഭ്രമിച്ചു നിൽക്കുന്ന സഹോദരങ്ങളോട് പറയാനുള്ളത്; നിങ്ങളുടെ അജ്ഞത മാറ്റിവെച്ച് മുൻഗാമികളുടെ ചരിത്രം ആഴത്തിൽ പഠിക്കുക, സ്വൂഫി-ശിയാ ലോബികളുടെയും ഹിസ്ബികളുടെയും കപടമായ അജണ്ടകളെയും കുതന്ത്രങ്ങളെയും തിരിച്ചറിയുക, പ്രമാണബദ്ധമായ വിജ്ഞാനം നുകർന്ന് നെഞ്ചുറപ്പോടെ സത്യത്തിൽ നിലകൊള്ളുക എന്നാണ്. പുത്തൻവാദികളുടെ കുതന്ത്രങ്ങളെ പ്രതിരോധിക്കാനും ഇസ്‌ലാമിന്റെ യഥാർഥ മൻഹജിൽ ഉറച്ചു നിൽക്കാനും ചരിത്രവിജ്ഞാനവും വിശ്വാസത്തിലെ ദൃഢതയും ഏറെ അത്യന്താപേക്ഷിതമാണ്. ■



# അറിയുക; രോഗിയെ പരിചരിക്കുന്നവരെ

ഡോ. ഹുസ്ന ഹുസൈൻ

ഒരു വീട്ടിൽ ഒരാൾ ദീർഘകാലം കിടപ്പിലായാൽ, ആ വീടിന്റെ ദിനചര്യതന്നെ പതിയെ ആ രോഗിയെ ചുറ്റിപ്പറ്റിയാകുന്നു. മരുന്നിന്റെ സമയം, ഡോക്ടറുടെ നിർദേശങ്ങൾ, പരിശോധനാഫലങ്ങൾ, ആശുപത്രി സന്ദർശനങ്ങൾ... അങ്ങനെ വീട്ടിലെ പല കാര്യങ്ങളുടെയും സമയക്രമം പോലും രോഗിയുടെ ആവശ്യങ്ങൾക്കനുസരിച്ചു മാറുന്നു. സന്ദർശിക്കാനെത്തുന്നവരുടെയും ഫോൺ വിളിക്കുന്നവരുടെയും അന്വേഷണങ്ങളും സ്വാഭാവികമായും രോഗിയെക്കുറിച്ചുതന്നെയായിരിക്കും. ആ വീട്ടിലെ സംഭാഷണങ്ങളും പ്രതീക്ഷകളും പ്രാർഥനകളുമെല്ലാം ഒരാളുടെ ആരോഗ്യത്തിലേക്ക് ചുരുങ്ങിപ്പോകുന്ന അവസ്ഥ!

എന്നാൽ, ആ ബഹളങ്ങൾക്കിടയിൽ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെപോകുന്ന ഒരാളുണ്ട്; ആ രോഗിയുടെ പരിചാരകൻ! രോഗിക്ക് മരുന്നുകൊടുക്കാൻ രാത്രിയിൽ പലതവണ ഉറക്കമുണരുന്ന ഒരാൾ.

സമയത്ത് ഭക്ഷണം കഴിക്കാൻപോലും മറന്നുപോകുന്ന ഒരാൾ. ആശുപത്രി വരാന്തകളിൽ മണിക്കൂറുകളോളം കാത്തിരിക്കുന്ന ഒരാൾ. സ്വന്തം ക്ഷീണവും വേദനയും മാറ്റിവെച്ച് മറ്റൊരാളുടെ ആശ്വാസത്തിനായി ജീവിക്കുന്ന ഒരാൾ.

അവർ പക്ഷാഘാതം ബാധിച്ച ഭർത്താവിനെ ശുശ്രൂഷിക്കുന്ന ഭാര്യയാകാം. ക്യാൻസറിനോട് പോരാടുന്ന ഭാര്യക്ക് കരുത്തായി നിൽക്കുന്ന ഭർത്താവാകാം. വാർധക്യത്തിന്റെ ഭാഗമായി സ്വയം കാര്യങ്ങൾ ചെയ്യാനുള്ള കഴിവു നഷ്ടപ്പെട്ട് കിടപ്പിലായ മാതാപിതാക്കൾക്കു താങ്ങായി നിൽക്കുന്ന മക്കളോ മരുമക്കളോ ആകാം. ഓട്ടിസം, സെറിബ്രൽ പൾസി പോലുള്ള, പ്രത്യേക പരിചരണം ആവശ്യമായ അവസ്ഥകളുള്ള കുട്ടികളുടെ മാതാപിതാക്കളാകാം. രോഗം ഏതായാലും, ബന്ധം എന്തായാലും, അവരെയൊക്കെ ഈ ദൗത്യത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നത് സ്നേഹമാണ്.

പക്ഷേ, ആ ദൗത്യം എല്ലായ്പ്പോഴും എളുപ്പമല്ല. ഉറക്കം നഷ്ടപ്പെടാം. മനസ്സിൽ നിരന്തരമായ ആശങ്ക നിറയാം. സ്വന്തം ആരോഗ്യത്തെയും ആവശ്യങ്ങളെയും അവഗണിക്കേണ്ടിവന്നേക്കാം. പഠനമോ ജോലിയോ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരാം. ചിലപ്പോൾ ഒറ്റപ്പെടലും നിസ്സഹായതയും അനുഭവപ്പെടാം. പലപ്പോഴും അവർ പരിചരിക്കുന്ന രോഗിക്ക് അവരുടെ സ്നേഹവും ത്യാഗവും തിരിച്ചറിയാനോ അതിന് നന്ദി പറയാനോ പോലും കഴിയാത്ത അവസ്ഥയായിരിക്കാം. എന്നിട്ടും, രോഗിയിൽ ചെറിയൊരു ആശ്വാസമോ പുരോഗതിയോ കാണുമ്പോൾ അവർക്ക് ലഭിക്കുന്ന സന്തോഷം പറഞ്ഞറിയിക്കാനാവാത്തതാണ്.

ഒരു വിളക്ക് മറ്റൊരു വിളക്കിന് വെളിച്ചം പകരണമെങ്കിൽ, അതിൽ എണ്ണയും തിരിയും ഉണ്ടായിരിക്കണം. അതുപോലെ, മറ്റൊരാളെ പരിചരിക്കുന്ന വ്യക്തിക്കും ഇടയ്ക്കൊക്കെ വിശ്രമം ആവശ്യമാണ്. അവരോട് ആരെങ്കിലും അവരെക്കുറിച്ച് ഒന്ന് അന്വേഷിച്ചാൽ, അല്ലെങ്കിൽ 'നിങ്ങൾ ഇത്രയും ശ്രദ്ധിക്കുന്നതുകൊണ്ടാണ് ഈ നല്ല മാറ്റം കാണുന്നത്. പക്ഷേ, ഇതിനിടയിൽ സ്വന്തം ആരോഗ്യവും കൂടി ഒന്ന് ശ്രദ്ധിക്കണം കേട്ടോ...' എന്ന ആത്മാർഥമായ ഒരു വാക്ക് പറഞ്ഞാൽ, അത് അവർക്കൊരു വലിയ ആശ്വാസമാകും. കാരണം, മറ്റുള്ളവരെ പരിചരിക്കുന്നവർക്കും തങ്ങളെയും ആരോ കരുതുന്നുണ്ടെന്ന് അറിയാൻ ആഗ്രഹമുണ്ട്.

അതിനാൽ, രോഗിയെ സന്ദർശിക്കുമ്പോൾ രോഗിയെ മാത്രമല്ല, പരിചാരകനെയോ പരിചാരികയെയോ കൂടി നമുക്ക് ശ്രദ്ധിക്കാം. ഒരു പരിചാരകനെ സഹായിക്കാൻ വലിയ സാമ്പത്തിക ശേഷിയൊന്നും വേണ്ട. ഒരു മണിക്കൂർ രോഗിയുടെ കൂടെയിരുന്ന് അവർക്കൊരു വിശ്രമം നൽകാനോ, ഒരു നേരത്തെ ഭക്ഷണം ഉണ്ടാക്കി എത്തിച്ചുകൊടുക്കാനോ, ആശുപത്രിയിലോ തെറാപ്പി സെന്ററിലോ പോകുമ്പോൾ കൂടെപ്പോകാനോ, ഇതൊന്നുമല്ലെങ്കിൽ അവർക്ക് പറയാനുള്ള ആശങ്കകൾ ക്ഷമയോടെ കേട്ടിരിക്കാനോ കഴിയുമെങ്കിൽ, അതും വലിയൊരു സഹായമാണ്. ചിലപ്പോൾ ചെറിയ കരുതലുകളാണ് ഏറ്റവും വലിയ കരുത്താകുന്നത്.

ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത് പരസ്പരം സഹായിക്കാനും കരുണ കാണിക്കാനുമാണ്. നബി(സ്വ) പറഞ്ഞു: "അല്ലാഹു തന്റെ ദാസനെ സഹായിച്ചുകൊണ്ടിരിക്കും; ആ ദാസൻ തന്റെ സഹോദരനെ സഹായിച്ചുകൊണ്ടിരിക്കുന്നിടത്തോളം" (സഹീഹു മുസ്‌ലിം).

രോഗിയെ മാത്രം കാണാതെ രോഗിയുടെ നിഴലിൽ നിശ്ശബ്ദമായി സ്നേഹത്തിന്റെ സേവനം ചെയ്യുന്ന പരിചാരകരെയും കാണാൻ നമുക്ക് ശീലിക്കാം. അവരുടെ ഭാരമൊന്ന് ലഘൂകരിക്കാനും കഴിയുന്നിട ത്തോളം ഒരു കൈത്താങ്ങാകാനും ശ്രമിക്കാം. ■



# ആദർശത്തിൽ പിഴച്ചതാർക്ക്?

മൂസ സ്വലാഹി കാര
: 97473 45768

'പ്രപഞ്ചസ്രഷ്ടാവ് ഏകനാണ്, ആരാധിക്കപ്പെടാൻ അർഹനായി മറ്റാരുമില്ല.' ഇത് ഇസ്‌ലാമിന്റെ മൗലികാടിത്തറയാണ്. പ്രാർഥനയും ആരാധനയുടെ പരിധിയിൽ വരുന്ന മറ്റു കാര്യങ്ങളും ആ സ്രഷ്ടാവിനോടു മാത്രമെ പാടുള്ളൂ എന്ന കാര്യം ഓരോ മുസ്‌ലിമും മനസ്സിലാക്കി പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്. അത്തരം വ്യക്തികളാണ് തൗഹീദ് ഉൾക്കൊണ്ടവർ. അതിനു വിരുദ്ധമായ പ്രവർത്തനമാണു ശിർക്ക്.

'സുന്നിവോയ്സ്' 2026 ജൂൺ 16-30 ലക്കത്തിൽ 'ശിർക്ക് തളം കെട്ടിനിൽക്കുന്ന സലഫി തൗഹീദുകൾ' എന്ന പേരിലുള്ള ഒരു ലേഖനം കാണാനിടയായി. അഹ്‌ലുസ്സുന്നയുടെ പാതയിൽ ഉറച്ചുനിൽക്കുന്ന മുജാഹിദുകൾ തൗഹീദിന് കോട്ടം തട്ടിയവരാണെന്നും തങ്ങളുടെ മാർഗമാണ് ഒരു കേടും ബാധിച്ചിട്ടില്ലാത്തതെന്നും സ്ഥാപിച്ചെടുക്കാൻ വേണ്ടി പ്രസ്തുത ലേഖനത്തിൽ ഒരു മുസ്‌ലിയാർ നടത്തിയ തട്ടിപ്പുകൾ സമുദായത്തിനു മുന്നിൽ തുറന്നുകാട്ടേണ്ടത് അനിവാര്യമാണ്.

**മരിച്ചവരെ വിളിച്ചു പ്രാർഥിച്ചും അവരോടു നേരിട്ടു സഹായം തേടിയും അവരുടെ ഹഖ്, ജാഹ്, ബറകത്തുകൊണ്ട് ഇടതേട്ടം നടത്തിയും സമൂഹത്തെ നയിക്കാൻ സംഘടനയുണ്ടാക്കിയ മുസ്‌ലിയാക്കന്മാരാണ് അനൈക്യത്തിന്റെ യഥാർഥ അടിവേര്! ചരിത്രപരമായി ആദ്യത്തെ ഛിദ്രത തന്നെയായിരുന്നു സമസ്തയുടെ പിറവി! അല്ലാഹുവിന് ഞങ്ങൾ ശരീക്കിനെ (പങ്കാളിയെ) വെക്കുന്നില്ലെന്നും ഒന്നിനെയും ഇലാഹ് (ആരാധ്യൻ) ആക്കുന്നില്ലെന്നും പറയുകയും എന്നാൽ ആരാധനയിൽ പെടുന്ന കാര്യങ്ങൾ ദൈവേതരർക്ക് സമർപ്പിക്കാൻ പ്രേരിപ്പിക്കുകയുമാണ് ഇവർ ചെയ്തുവരുന്നത്.**

**മുഖ്യധാരാ മുസ്‌ലിംകളും ഇതരധാരകളും**

മുസ്‌ലിംകളെ ചുറ്റിപ്പറ്റിയും സമൂഹത്തിന്റെ നാനാതുറകളിൽ ഇടപ്പെട്ടും പ്രവർത്തിക്കുന്ന പ്രധാന മുസ്‌ലിം സംഘടനകളെ സംബന്ധിച്ചുള്ള മുസ്‌ലിയാരുടെ വിലയിരുത്തൽ കാണുക: "കേരളത്തിലേക്ക് വരിക. തൗഹീദ് സംബന്ധമായി ഇവിടെ പ്രധാനമായും മൂന്ന് ധാരകൾ നിലനിൽക്കുന്നു. അഹ്‌ലുസ്സുന്നത്തി വൽ ജമാഅ (മുഖ്യധാരാ മുസ്‌ലിംകൾ), സലഫികൾ, ജമാഅത്തെ ഇസ്‌ലാമി. ഇതിൽ സലഫികൾക്ക് തന്നെ മൂന്നു ധാരകളുണ്ട്. അവർ തന്നെ പരസ്പരം മുശ്‌രിക്കാക്കുകയും അവരവരുടെ തൗഹീദിലേക്ക് മറ്റു ഗ്രൂപ്പുകാരെ ക്ഷണിക്കുന്നുമുണ്ട്" (പേജ് 12).

ശിയാ-സ്വൂഫീ വിഭാഗങ്ങളുടെ വഴിപിഴച്ച വിശ്വാസാചാരങ്ങളെ പിന്തുണക്കുന്നവരാണ് അഹ്‌ലുസ്സുന്നയുടെ വക്താക്കൾ തങ്ങളാണെന്നു ജൽപിക്കുന്നത്! ശിയാക്കൾ അവരോടൊപ്പം നിൽക്കാത്തവരെയൊക്കെ കാഫിറുകളായി മുദ്രകുത്തുന്നവരാണ്. അതേപോലെ സമസ്തക്കാർ അവരുടെ കൂടെ സഞ്ചരിക്കാത്തവരെ പിഴച്ചവരും മതനിഷേധികളുമാക്കി അവതരിക്കുന്നു. ആശയത്തിൽ ഒരു മുഖവും സംഘടനാപരമായി പല ചേരികളുമായി പിരിഞ്ഞു നിൽക്കുന്നവരാണ് മറ്റുള്ളവരിൽ വ്യത്യസ്ത ധാരകളുണ്ടെന്ന് ആക്ഷേപിക്കുന്നത്! വഴിപിഴവും മതനിഷേധവുമൊക്കെ തമ്മിൽതമ്മിൽ ഇവർ ആരോപിക്കുന്നതിന്റെ തെളിവുകൾ സോഷ്യൽ മീഡിയകളിൽ പോലും നിറഞ്ഞുനിൽക്കെയാണ് മറ്റുള്ളവരെ ആക്ഷേപിച്ച് തൃപ്തിയടയുന്നത്.

'മുഖ്യധാരാ മുസ്‌ലിം'കളായി സമസ്തക്കാരെ വിശേപ്പിച്ചത് എന്തുകൊണ്ടാണാവോ? ഒരു പക്ഷേ, 'ആൾപെരുപ്പ്'മായിരിക്കാം കാരണം. എങ്കിൽ ഒരു കാര്യം മനസ്സിലാക്കുക; ലോകത്ത് എക്കാലത്തും സത്യത്തിന്റെ പക്ഷക്കാരായി കാണപ്പെടുക ന്യൂനപക്ഷമായിരിക്കും, അസത്യത്തിന്റെ വക്താക്കൾ ഭൂരിപക്ഷവുമായിരിക്കും! ചരിത്രം അതാണു പഠിപ്പിക്കുന്നത്. സത്യത്തിന്റെ വഴിയിൽ നിലകൊള്ളുന്ന ഒരു കൊച്ചുസംഘം എപ്പോഴും ഉണ്ടായിരിക്കുമെന്നാണ് നബിവചനം, ഭൂരിപക്ഷം എന്നല്ല.

അല്ലാഹു പറയുന്നു: "അതല്ല, അവരിൽ അധികപേരും കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ" (25:44)

ഇബ്നു കസീർ(റഹി) പറയുന്നു: "മേയ്ക്കുന്ന കന്നുകാലികളെക്കാൾ മോശമായ അവസ്ഥയിലാണ് അവർ. കാരണം, ആ കന്നുകാലികൾ എന്തിനാണു സൃഷ്ടിക്കപ്പെട്ടതെന്ന് അവയ്ക്കറിയാം. എന്നാൽ ഈ ആളുകൾ സൃഷ്ടിക്കപ്പെട്ടത് യാതൊരു പങ്കുകാരുമില്ലാതെ അല്ലാഹുവിനെ മാത്രം ആരാധിക്കാനാണ്. തെളിവുകൾ അവർക്കുമേൽ നിലനിന്നിട്ടും ദൂതന്മാർ അവരിലേക്ക് നിയോഗിക്കപ്പെട്ടിട്ടുംഅവർ അല്ലാഹുവിന് പങ്കുകാരെ സ്ഥാപിക്കുന്നു."

## ബാലിശമായ ചോദ്യങ്ങൾ

'തൗഹീദ്' എന്ന ലേബലിൽ ശിർക്കൻ ആശയങ്ങളാണ് ഇവർ വിതരണം ചെയ്യുന്നത്. തുരുതുരാ ചോദ്യങ്ങൾ നിരത്തി സാധാരണക്കാരെ സംശയത്തിലാഴ്ത്തുകയും അവർക്കിടയിൽ അവ്യക്തത നിലിറുത്തുകയും ചെയ്യൽ ഇവരുടെ കുതന്ത്രമാണ്. മുസ്‌ലിയാരുടെ ചില ചോദ്യങ്ങളുടെ അവസ്ഥയൊന്ന് പരിശോധിക്കാം:

"തൗഹീദീ വചനത്തിലെ ഇലാഹ് എന്നതിനെ വ്യാഖ്യാനിക്കുന്നിടത്ത് സംഭവിച്ച അഭിപ്രായ അനൈക്യങ്ങളാണ് ഈ ഛിദ്രതയുടെ തായ്‌വേര്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യൻ ഇല്ലെന്നു തന്നെയാണ് എല്ലാവരും നൽകുന്ന അർഥം. പിന്നെ എവിടെയാണ് പ്രശ്നം?" (പേജ് 12).

അല്ലാഹുവിനെ കുറിച്ച് ക്വുർആൻ പഠിപ്പിച്ചത് ഇപ്രകാരമാണ്: "അവനോടുള്ളതു മാത്രമാണ് ന്യായമായ പ്രാർഥന...''(13:14).

മരിച്ചവരെ വിളിച്ചു പ്രാർഥിച്ചും അവരോടു നേരിട്ടു സഹായം തേടിയും അവരുടെ ഹഖ്, ജാഹ്, ബറകത്തുകൊണ്ട് ഇടതേട്ടം നടത്തിയും സമൂഹത്തെ നയിക്കാൻ സംഘടനയുണ്ടാക്കിയ മുസ്‌ലിയാക്കന്മാരാണ് അനൈക്യത്തിന്റെ യഥാർഥ അടിവേര്! ചരിത്രപരമായി ആദ്യത്തെ ഛിദ്രത തന്നെയായിരുന്നു സമസ്തയുടെ പിറവി! അല്ലാഹുവിന് ഞങ്ങൾ ശരീക്കിനെ (പങ്കാളിയെ) വെക്കുന്നില്ലെന്നും ഒന്നിനെയും ഇലാഹ് (ആരാധ്യൻ) ആക്കുന്നില്ലെന്നും പറയുകയും എന്നാൽ ആരാധനയിൽ പെടുന്ന കാര്യങ്ങൾ ദൈവേതരർക്ക് സമർപ്പിക്കാൻ പ്രേരിപ്പിക്കുകയു

**'ഞാൻ അല്ലാഹുവാണ്,' 'ലോകം നിയന്ത്രിക്കുന്നവനാണ്' എന്നെല്ലാം വിളിച്ചുപറയുന്ന, മാനസികനില തെറ്റിയ വ്യക്തികളെ ഔലിയാക്കളായി അംഗീകരിച്ച് ഇസ്‌ലാമിന്റെ മുഖത്തെ വികൃതമാക്കാൻ ശ്രമിക്കുന്നവർ 'എവിടെയാണ് പ്രശ്നം' എന്ന് ചോദിക്കുമ്പോൾ അതിനുള്ള അനുയോജ്യമായ മറുപടി സമസ്തക്കാർ ആദർശത്തിൽ നടത്തിയ തിരിമറി തന്നെയാണ് പ്രശ്നം എന്നതാണ്.**

മാണ് ഇവർ ചെയ്തുവരുന്നത്. 'ഞാൻ അല്ലാഹുവാണ്,' 'ലോകം നിയന്ത്രിക്കുന്നവനാണ്' എന്നെല്ലാം വിളിച്ചു പറയുന്ന, മാനസികനില തെറ്റിയ വ്യക്തികളെ ഔലിയാക്കളായി അംഗീകരിച്ച് ഇസ്‌ലാമിന്റെ മുഖത്തെ വികൃതമാക്കാൻ ശ്രമിക്കുന്നവർ 'എവിടെയാണ് പ്രശ്നം' എന്ന് ചോദിക്കുമ്പോൾ അതിനുള്ള അനുയോജ്യമായ മറുപടി സമസ്തക്കാർ ആദർശത്തിൽ നടത്തിയ തിരിമറിതന്നെയാണ് പ്രശ്നം എന്നതാണ്.

മുസ്‌ലിയാർ വീണ്ടും ചോദിക്കുന്നു: "ജിന്നുകളും മലക്കുകളും അവർക്ക് നൽകപ്പെടുന്ന കഴിവുകളും തൗഹീദിൽ ഉൾപ്പെടുകയു മഹാന്മാരും അവരെ ആദരിച്ച് അല്ലാഹു പ്രദാനിക്കുന്ന കഴിവുകളും മാത്രം പുറത്തുപോവുകയും ചെയ്യുന്നത് എങ്ങനെയാണ്?" (പേജ് 15).

അല്ലാഹുവിന്റെ കഴിവിൽ ഇടപെടാൻ പറ്റും വിധമുള്ള പ്രകൃതം ഒരു സൃഷ്ടിയിലും അവൻ സംവിധാനിച്ചിട്ടില്ല. എല്ലാറ്റിനുമുള്ള കഴിവും ശക്തിയും അല്ലാഹുവിന് മാത്രമായതിനാൽ ഏതൊരു കാര്യസാധ്യത്തിനും നാം സഹായം തേടേണ്ടത് അവനോടാണ്.

ജിന്നുകൾക്കും മലക്കുകൾക്കും അല്ലാഹു നിശ്ചയിച്ച വ്യവസ്ഥ പൊക്കിപ്പിടിച്ച് തൗഹീദിന് വിരുദ്ധമായ വിശ്വാസം അഹ്‌ലുസ്സുന്ന എവിടെയും പഠിപ്പിച്ചിട്ടില്ല. അല്ലാഹുവിന്റെ സ്ഥാനത്തേക്ക് വ്യാജ വലിയ്യുകളെ ഉയർത്തുകയും അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും അവരെ സമന്മാരാക്കുകയും ചെയ്യുവാൻ ഇവർക്ക് മടിയില്ല. എന്തിനേറെ, അവർ റബ്ബാകാനും ആധിപത്യമുള്ളവരാകാനും കഴിവു നൽകപ്പെട്ടവരാണെന്ന വിശ്വാസവും പ്രചരിപ്പിച്ചുകഴിഞ്ഞു. പ്രമാണ വിരുദ്ധവും ജൂത, ക്രൈസ്തവ സങ്കൽപത്തിൽ പെടുന്നതുമായ ഈ വിശ്വാസം മനുഷ്യരിൽ ചിലർ സ്വീകരിക്കുമെന്ന് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നു.

"അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹി

ക്കുന്നതുപോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ. ഈ അക്രമികൾ പരലോകശിക്ഷ കൺമുമ്പിൽ കാണുന്ന സമയത്ത് ശക്തി മുഴുവൻ അല്ലാഹുവിനാണെന്നും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും അവർ കണ്ടറിഞ്ഞിരുന്നുവെങ്കിൽ (അതവർക്ക് എത്ര ഗുണകരമാകുമായിരുന്നു!)" (2:165).

മുസ്‌ലിയാരുടെ മറ്റൊരു ചോദ്യം ഇതാണ്: "അപ്പോൾ ഖബ്റിനടുത്തു നിന്നുകൊണ്ട് നാം മരിച്ചവർക്ക് സലാം ചൊല്ലുന്നതും അവരോട് സംസാരിക്കുന്നതുമെല്ലാം അവർ കേൾക്കുമെങ്കിൽ, തങ്ങൾക്ക് വേണ്ടി ചെയ്യാനാവുന്ന കാര്യങ്ങൾ ചെയ്യാനായി അവരോട് ആവശ്യപ്പെടുന്നതിൽ എന്ത് അഭൗതികതയാണുള്ളത്?" (പേജ് 17).

പരലോകം പ്രാപിച്ചവരെ ഇഹലോകത്തുള്ളവർക്ക് ഇടപഴകാനുള്ള കാരണക്കാരാക്കി അല്ലാഹു നിശ്ചയിച്ചിട്ടില്ല എന്ന അടിസ്ഥാന അറിവ് മുസ്‌ലിയാർക്ക് ഇല്ലാതെ പോയി. ഖബ്റാളികളെ സന്ദർശിക്കുന്നവർ പാലിക്കേണ്ട മര്യാദയാണ് അവരോട് സലാം പറയലും അവർക്കു വേണ്ടി പ്രാർഥിക്കലും. അത് കേൾക്കലും പ്രതികരിക്കലുമെല്ലാം ബർസഖീ ജീവിതവുമായി ബന്ധപ്പെട്ടതാണ്. അവരോട് സംസാരിക്കാം എന്നത് പ്രമാണങ്ങളിലില്ല. തങ്ങളെ വിളിച്ചുതേടുന്നതും തങ്ങളോട് ആവലാതി പറയുന്നതും കേൾക്കാനും പരിഹാരം പറയാനും മരണപ്പെട്ടവർക്ക് കഴിയുമെന്ന് ഈ ഹദീസുകളുടെ വെളിച്ചത്തിൽ വിശദീകരിച്ച അഹ്‌ലുസ്സുന്നയുടെ ഏതെങ്കിലും ഒരു ഇമാമിനെ ചൂണ്ടിക്കാണിക്കാൻ ഇതുവരെ പുരോഹിതന്മാർക്ക് സാധിച്ചിട്ടില്ല! സാധാരണയായി സൃഷ്ടികളുടെ കയ്യാൽ നടന്നുകിട്ടാത്ത കാര്യങ്ങൾ ജാറങ്ങളിൽ പോയി ചോദിക്കാൻ നേതൃത്വം നൽകുന്ന മുസ്‌ലിയാക്കന്മാർ തന്നെ 'അവരോട് ആവശ്യപ്പെടുന്നതിൽ എന്ത് അഭൗതികതയാണുള്ളത്' എന്നു ചോദിക്കുന്നതുതന്നെ അപ്രസക്തമാണ്. അല്ലാഹു പറയുന്നു: "അതിനാൽ നീ അല്ലാഹുവെ ഭരമേൽപിച്ചു കൊള്ളുക. തീർച്ചയായും നീ സ്പഷ്ടമായ സത്യത്തിൽ തന്നെയാകുന്നു. മരണപ്പെട്ടവരെ നിനക്ക് കേൾപിക്കാനാവുകയില്ല; തീർച്ച. ബധിരൻമാർ പുറം തിരിച്ചു മാറിപ്പോയാൽ അവരെയും നിനക്ക് വിളികേൾപിക്കാനാവില്ല" (27:79,80). നബി(സ്വ)ക്ക് ചെയ്യാൻ കഴിയാത്തത് മറ്റുള്ളവർക്ക് ചെയ്യാൻ കഴിയുമെന്നത് വിശ്വസിക്കാൻ സമസ്തക്കാർക്കേ കഴിയൂ.

മുസ്‌ലിയാർ ചോദിക്കട്ടെ: "അല്ലാഹു നൽകുന്ന കഴിവുകൾ പ്രയോഗിക്കുക മാത്രമാണ് മഹാന്മാരുടെ കാര്യങ്ങളിൽ സംഭവിക്കുന്നത്. അപ്പോഴേക്കും അവർ അല്ലാഹുവിനെപ്പോലെയായി എന്നാണ് വാദമെങ്കിൽ അല്ലാഹുവിന്റെ കഴിവുകളും മറ്റാരിൽ നിന്നോ കിട്ടുന്നതാണെന്ന് പറയേണ്ടിവരില്ലേ? അല്ലാഹുവിനെ കൊച്ചാക്കലും സൃഷ്ടികളോട് അവനെ പങ്കുചേർക്കലുമല്ലേ?" (പേജ് 17,18).



അന്വേഷണം | ■ ഡോ. ഫൈസൽ അഹ്സനി രണ്ടത്താണി

## ശിർക്ക് തളംകെട്ടി നിൽക്കുന്ന സലഫി തൗഹീദുകൾ

ആഗോള മുസ്‌ലിംകളെയെല്ലാം ഏകോപിപ്പിക്കുന്ന വചനമാണ് ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്നത്. അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നും എല്ലാ മുസ്‌ലിംകളും താത്ത്വികമായി അംഗീകരിക്കുന്നു. തൗഹീദി (ഏകദൈവ വിശ്വാസം)ന്റെ വചനവും ഇതുതന്നെ. എന്നിട്ടും അവർക്കിടയിൽ തൗഹീദിന്റെ കാര്യത്തിൽ എങ്ങനെ അഭിപ്രായ വ്യത്യാസങ്ങളുണ്ടായി?!

തൗഹീദീ വചനത്തിലെ 'ഇലാഹ്' എന്നതിനെ വ്യാഖ്യാനിക്കുന്നിടത്ത് സംഭവിച്ച അഭിപ്രായ അനൈക്യങ്ങളാണ് ഈ ഛിദ്രതയുടെ തായ്‌വേര്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യൻ ഇല്ലെന്നു തന്നെയാണ് എല്ലാവരും നൽകുന്ന അർഥം. പിന്നെ എവിടെയാണ് പ്രശ്നം? ആരാധ്യൻ എന്ന ആശയം മനസ്സിലാക്കണമെങ്കിൽ ആരാധന എന്താണെന്ന് വ്യക്തമാകണമല്ലോ. 'പരമമായ വണക്കവും താഴ്മയും' എന്നാണ് പരമ്പരാഗതമായി മുസ്‌ലിം പണ്ഡിതന്മാർ ആരാധനക്ക് നൽകിവരുന്ന അർഥം. ഈ നിർവചനം ഏറെക്കുറെ എല്ലാവരും അംഗീകരിക്കുന്നുണ്ട്. എന്നാൽ 'പരമം' എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്നിടത്താണ് പ്രശ്നങ്ങൾ

ആരംഭിക്കുന്നത്.

കേരളത്തിലേക്ക് വരിക. തൗഹീദ് സംബന്ധമായി ഇവിടെ പ്രധാനമായും മൂന്ന് ധാരകൾ നിലനിൽക്കുന്നു. അഹ്‌ലുസ്സുന്നത്തി വൽ ജമാഅ (മുഖ്യധാരാ മുസ്‌ലിംകൾ), സലഫികൾ, ജമാഅത്തെ ഇസ്‌ലാമി. ഇതിൽ സലഫികൾക്ക് തന്നെ മൂന്നു ധാരകളുണ്ട്. അവർ തന്നെ പരസ്പരം മുശ്‌രികാക്കുകയും അവരവരുടെ തൗഹീദിലേക്ക് മറ്റു ഗ്രൂപ്പുകാരെ ക്ഷണിക്കുന്നുമുണ്ട്.

12 സുന്നിരിവായത്ത് 2026 ജൂൺ 16 – 30

**രോഗം വന്നാൽ പ്രാർഥനകൊണ്ടും ചികിത്സയിലൂടെയും ശമനം തേടണമെന്നത് വഹ്‌യിലൂടെ സ്ഥിരപ്പെട്ട പരസ്യ കാരണമാണ്. മരണപ്പെട്ടവരെ രോഗം സുഖപ്പെടുത്താനുള്ള കാരണമാക്കി എന്നത് പ്രമാണങ്ങളിൽ എവിടെയുമില്ല. അതിനാൽ മതത്തിലില്ലാത്ത ഈ 'ഗുപ്ത കാരണം' വെറും പുരോഹിതമതം മാത്രമാണ്. ഒരു കെട്ടിക്കുടുക്കുമില്ലാത്ത വിശ്വാസത്തിലേക്ക് കല്ലുകൾ വാരിയെറിഞ്ഞതുമൂലമുണ്ടായ പ്രയാസമാണ് ആശയപരമായി മുസ്‌ലിയാക്കന്മാർ അനുഭവിക്കുന്നത്.**

മുസ്‌ലിയാരുടെ ഈ ചോദ്യം സമസ്തയുടെ വിശ്വാസത്തിന്റെ അടിവേര് പുഴക്കുന്നതാണ്. ഔലിയാക്കൾക്ക് എന്തിനും ഏതിനുമുള്ള കഴിവ് അല്ലാഹു ഔദാര്യമായി നൽകിയിരിക്കുന്നു എന്ന, ഇന്നുവരെയുള്ള ആശയത്തിൽനിന്ന് 'അല്ലാഹു നൽകുന്ന കഴിവുകൾ' എന്നതിലേക്കുള്ള ഈ ചാട്ടം ഒന്നുകൂടി ശക്തമാക്കിയാൽ അല്ലാഹു ഒരിക്കലും അവന്റെ കഴിവ് ഒരാൾക്കും നൽകുകയില്ലെന്ന അഹ്‌ലുസ്സുന്നയുടെ ആദർശത്തിലേക്ക് കടന്നുവരാൻ ഇടയാക്കിയേക്കാം. കഴിവുകൊടുത്തിട്ടുണ്ട് എന്നു സ്ഥാപിക്കാൻ കാണിച്ച പ്രമാണ ദുർവ്യാഖ്യാനങ്ങളെല്ലാം വൃഥാവിലായല്ലോ എന്ന വ്യഥ ചില മുസ്‌ലിയാന്മാർക്കെങ്കിലും ഉണ്ടാകും. അല്ലാഹുവിന്റെ സവിശേഷതകളെ മറ്റുള്ളവർക്ക് പകുത്തുനൽകുന്ന പുരോഹിതന്മാർ തന്നെയല്ലേ യഥാർഥത്തിൽ അല്ലാഹുവിനെ അവഹേളിക്കുന്നവർ? 'അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു' (42:1) എന്ന വചനം മുസ്‌ലിയാർ ഉൾക്കൊണ്ടിരുന്നെങ്കിൽ ഇത്തരം നിസ്സാര ചോദ്യങ്ങൾക്ക് ഉന്നയിക്കുമായിരുന്നില്ല.

മുസ്‌ലിയാർ ചോദിക്കുന്നു: "അങ്ങനെ വിശ്വസിക്കാതെ ഞാൻ ഈ വിളിക്കുന്നത് കേൾപിക്കാൻ അല്ലാഹുവിന് സാധിക്കും, ഈ വിളിയെ എനിക്ക് സഹായം ലഭിക്കാൻ അല്ലാഹു കാരണമാക്കും എന്നെല്ലാം കരുതി മരിച്ചുപോയതോ ജീവിച്ചിരിക്കുന്നതോ ആയ മഹാനോട് വല്ലതും ആവശ്യപ്പെടുന്ന സുന്നി മുശ്‌രിക്കാകുമോ?" (പേജ് 18).

ചെറിയൊരു വിചാരം കൊണ്ടുപോലും അടുക്കാൻ പാടില്ലാത്ത പാപമായ ശിർക്ക് ഏതു വഴിയിലൂടെ ആരിൽ സംഭവിച്ചാലും അത് ശിർക്കാണെന്നു ബോധ്യപ്പെടുത്തുകയല്ലാതെ മുശ്‌രിക്കാക്കി മുദ്രയടിക്കുന്ന പണി അഹ്‌ലുസ്സുന്ന ഏറ്റെടുത്തിട്ടില്ല. ക്വുർആൻ ചോദിക്കുന്നത് കാണുക: "അതല്ല, അവർക്ക് അല്ലാഹു വല്ലാത്ത വല്ല ആരാധ്യനുമുണ്ടോ? അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനായിരിക്കുന്നു" (52:43).

മുസ്‌ലിയാരുടെ അടുത്ത ചോദ്യം കാണുക: "അല്ലാഹു കേൾപ്പിക്കാനുദ്ദേശിച്ചാൽ മാത്രമേ, ഉദ്ദേശിച്ച കാര്യം മാത്രമേ, കേൾപ്പിക്കാനുദ്ദേശിച്ച സമയത്ത് മാത്രമേ, ഉദ്ദേശിച്ച അളവിൽ മാത്രമേ ഏത് മഹാനും കേൾക്കുകയുള്ളൂ എന്നാണ് ഏതൊരു സുന്നിയും വിശ്വസിക്കുന്നത്. എങ്കിൽ ശിർക്ക് സംഭവിക്കുന്നതെങ്ങനെ?" (പേജ് 18).

അല്ലാഹു ഉദ്ദേശിച്ചതേ നടക്കൂ എന്നതിൽ സംശയമില്ല. എന്നാൽ അല്ലാഹു മനുഷ്യർക്ക് അവന്റെ മാത്രം കഴിവുകളിൽ പെട്ടത് ഏതെങ്കിലും അവസരത്തിൽ നൽകുമോ? പ്രവാചകന്മാർ പ്രകടിപ്പിച്ച മുഅ്ജിസത്ത് അവരിലൂടെ അല്ലാഹു വെളിവാക്കിയതാണ്. അത് പ്രവാചകന്മാരുടെ സത്യതക്ക് തെളിവായി കാണിച്ചുകൊടുക്കാനായിരുന്നു. അങ്ങനെ വല്ല ആവശ്യകതയും ഇവർ പറയുന്ന ഔലിയാക്കൾക്ക് ഉണ്ടോ? അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടി അവർ അവന്ന് ചില സമൻമാരെ ഉണ്ടാക്കിവെച്ചിരിക്കുന്നു. പറയുക: നിങ്ങൾ സുഖിച്ചുകൊള്ളൂ. നിങ്ങളുടെ മടക്കം നരകത്തിലേക്കു തന്നെയാണ്" (14:30).

മുസ്‌ലിയാരുടെ മറ്റൊരു ചോദ്യം ഇതാണ്: "ഇനി, ആര് എവിടെനിന്ന് എപ്പോൾ വിളിച്ചാലും കേൾപ്പിക്കാൻ അല്ലാഹുവിന് കഴിയുകയില്ലെന്നാണോ ഇവർ വിശ്വസിക്കുന്നത്? ഇത്ര ദുർബലനും അശക്തനുമാണോ വഹാബികളുടെ ദൈവം?" (പേജ് 18).

"നിസ്സംശയം അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാണ്" (2:20). ഇതാണ് മുജാഹിദുകളുടെ വിശ്വാസം. എന്നാൽ ലോകം നിയന്ത്രിക്കാനും പ്രാപഞ്ചികമായ മറ്റു കാര്യങ്ങൾ നിർവഹിക്കാനും അല്ലാഹു ഏതെങ്കിലും മനുഷ്യന് കഴിവു നൽകി അവനെ അക്കാര്യങ്ങൾ ഏൽപിക്കുന്നവനല്ല പ്രമാണങ്ങൾ പഠിപ്പിക്കുന്ന അല്ലാഹു. ആ അല്ലാഹുവിലാണ് മുജാഹിദുകൾ വിശ്വസിക്കുന്നത്.

മുസ്‌ലിയാരുടെ അടുത്ത ചോദ്യം കാണുക: "ഇനി, അങ്ങനെ കേൾക്കാൻ അല്ലാഹു ഒരാൾക്ക് കഴിവു നൽകിയെന്ന് സങ്കൽപ്പിക്കുക. എങ്കിൽതന്നെ അയാളെ ദൈവമാക്കി എന്ന് പറയാമോ? മറ്റൊരാളുടെ ഇച്ഛയിൽ മാത്രം നിലനിൽക്കുന്ന കഴിവിനെ ദൈവികമെന്നു വിളിച്ചാൽ ദൈവത്തിന്റെ കഴിവും അങ്ങനെ ലഭിച്ചതല്ല എന്ന് എങ്ങനെ പറയും?" (പേജ് 18).

ഇല്ലാത്ത വിശ്വാസം സങ്കൽപിച്ച് ഉത്കണ്ഠാകുലരായതിന്റെയും അല്ലാഹുവിന്റെ വിശേഷണങ്ങളെ തർക്കശാസ്ത്രക്കാരുടെ വീക്ഷണപ്രകാരം വായിച്ചതിന്റെയും അനന്തരഫലമാണിത്. അല്ലാഹുവിന്റെ അവകാശത്തിൽ എന്തിനെ പങ്കുചേർത്താലും അത് അതിനുള്ള ആരാധനയാകും. അവിശ്വാസികൾ അവരുടെ ആരാധ്യവസ്തുക്കളെ ഏതു ലക്ഷ്യത്തിലാണോ വെച്ചത് അതേ ലക്ഷ്യത്തിലാണ് സമസ്തക്കാർ വ്യാജ ഔലിയാക്കളെ കാണുന്നത്. അവർക്കു സംഭവിച്ച ശിർക്കിനെ അവർ ന്യായീകരിച്ച അതേരീതിയിൽ സമസ്തക്കാരും ശിർക്കിനെ വെളുപ്പിക്കുന്നു. അല്ലാഹു ഇതിൽനിന്നെല്ലാം പരിശുദ്ധനാണ്. ഖുർആൻ പറയുന്നു: "അപ്പോൾ ഇക്കൂട്ടർ ആരാധിച്ചുവരുന്നതിനെ സംബന്ധിച്ച് നീ യാതൊരു സംശയത്തിലും അകപ്പെടരുത്. മുമ്പ് ഇവരുടെ പിതാക്കൻമാർ ആരാധിച്ചിരുന്ന അതേരീതിയിൽ ആരാധന നടത്തുക മാത്രമാണിവർ ചെയ്യുന്നത്. തീർച്ചയായും അവർക്കുള്ള ഓഹരി കുറവൊന്നും വരുത്താതെ നാമവർക്കു നിറവേറ്റിക്കൊടുക്കുന്നതാണ്" (11:109).

അർഥത്തിലും ആശയത്തിലും വ്യത്യാസമുള്ള സഹായതേട്ടവും ഇടതേട്ടവും ഒന്നാക്കാനും മുസ്‌ലിയാർ ശ്രമിച്ചിട്ടുണ്ട്: "അത് കൊണ്ടാണല്ലോ ഇക്കാര്യം നിരന്തരം പ്രസംഗിച്ചു നടക്കുന്ന വഹാബികൾക്ക് ബിലാലുബിൻ ഹാരിസ്(റ) ചെയ്ത തവസ്സുൽ (ഇസ്തിഗാസ) ശിർക്കല്ലെന്ന് സമ്മതിക്കേണ്ടിവന്നത്" (പേജ് 17).

മുസ്‌ലിയാർ സമസ്തയുടെ മറ്റൊരു നിലപാടുകൂടി തകർത്തിരിക്കുകയാണ്. തവസ്സുലും ഇസ്തിഗാസയും രണ്ടായി വ്യാഖ്യാനിച്ചിരുന്ന ഇവർക്ക് എന്നുമുതലാണ് അവ രണ്ടും ഒന്നായത്? മാലകളിലെ ഇസ്തിഗാസാവരികളുടെ ആശയവും ഇതോടെ മാറ്റപ്പെടുമോ? മഹാന്മാരോട് സഹായം തേടാനും അവരെക്കൊണ്ട് ഇടതേട്ടം നടത്താനും മുസ്‌ലിയാക്കന്മാർക്ക് ആകെയുണ്ടായിരുന്ന കച്ചിത്തുരുമ്പാണ് നബി(സ്വ) യുടെ ഖബ്റിനരികിൽ വന്ന് മഴയ്ക്കു വേണ്ടി തേടിയെന്ന ഈ ദുർബല കഥ.

മുസ്‌ലിയാരുടെ കൗതുകകരമായൊരു കണ്ടെത്തൽ കാണുക: "രോഗശമനത്തിനായി വൈദ്യനോട് ആവശ്യപ്പെട്ടവനും വലിയ്യിനോട് ആവശ്യപ്പെട്ടവനും തമ്മിൽ ഒരു വ്യത്യാസമേ ഉള്ളൂ. ഒരാൾ വ്യക്തമായ കാരണമാണ്, മറ്റേയാൾ ഗുപ്തമായ കാരണമാണ്" (പേജ് 20).

രോഗം വന്നാൽ പ്രാർഥന കൊണ്ടും ചികിത്സയിലൂടെയും ശമനം തേടണമെന്നത് വഹ്‌യിലൂടെ സ്ഥിരപ്പെട്ട പരസ്യ കാരണമാണ്. മരണപ്പെട്ടവരെ രോഗം സുഖപ്പെടുത്താനുള്ള കാരണമാക്കി എന്നത് പ്രമാണങ്ങളിൽ എവിടെയുമില്ല. അതിനാൽ മതത്തിലില്ലാത്ത ഈ 'ഗുപ്ത കാരണം' വെറും പുരോഹിതമതം മാത്രമാണ്.

ഒരു കെട്ടിക്കുടുക്കുമില്ലാത്ത വിശ്വാസത്തിലേക്ക് കല്ലുകൾ വാരിയെറിഞ്ഞതുമൂലമുണ്ടായ പ്രയാസമാണ് ആശയപരമായി മുസ്‌ലിയാക്കന്മാർ അനുഭവിക്കുന്നത്. പ്രമാണങ്ങളിലേക്ക് മടങ്ങൂ എന്നാണ് ഇവരോടു പറയാനുള്ളത്. ■



ക്വുർആനിലെ സാർവലൗകിക വിളികൾ 19

# സത്യവും മിഥ്യയും മനുഷ്യന്റെ സ്വതന്ത്രമായ തിരഞ്ഞെടുപ്പും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
മസ്കത്ത്
: 00968-98242217

മനുഷ്യന്റെ എക്കാലത്തെയും വലിയ ചോദ്യങ്ങളിലൊന്നാണ് താൻ എന്തിനു ദൈവത്തിൽ വിശ്വസിക്കണമെന്നത്. പ്രപഞ്ചനാഥൻ മനുഷ്യനെ സൃഷ്ടിച്ച് അലഞ്ഞുതിരിയാൻ വിട്ടിട്ടില്ല, മറിച്ച് അവർക്ക് ശരിയായ വഴിയേതാണെന്ന് പ്രവാചകന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും കാണിച്ചുതന്നിട്ടുണ്ട്. ആ വഴി തിരഞ്ഞെടുക്കണോ വേണ്ടയോ എന്നു തീരുമാനിക്കൽ മനുഷ്യന്റെ സ്വാതന്ത്ര്യമാണ്. സൂറത്തു യൂനുസിന്റെ അവസാന ഭാഗത്ത് അല്ലാഹു പ്രവാചകനോട് ജനങ്ങളെ അഭിസംബോധന ചെയ്യാൻ ആവശ്യപ്പെടുന്നത് ഇപ്രകാരമാണ്:

قُلْ يَا أَيُّهَا النَّاسُ قَدْ جَاءَكُمُ الْحَقُّ مِن رَّبِّكُمْ ۖ فَمَنِ اهْتَدَىٰ فَإِنَّمَا يَهْتَدِي لِنَفْسِهِ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۖ وَمَا أَنَا عَلَيْكُم بِوَكِيلٍ

“പറയുക: ഹേ; ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു. അതിനാൽ ആർ നേർവഴി സ്വീകരിക്കുന്നുവോ അവൻ തന്റെ ഗുണത്തിനുതന്നെയാണ് നേർവഴി സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ചുപോയാൽ അതിന്റെ ദോഷവും അവനുതന്നെയാണ്. ഞാൻ നിങ്ങളുടെ മേൽ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവനല്ല” (ക്വുർആൻ 10:108).

മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും വ്യക്തിപരമായ ഉത്തരവാദിത്തത്തെയും കുറിച്ച് ക്വുർആൻ മുന്നോട്ടു വയ്ക്കുന്ന നാലു പ്രധാന പാഠങ്ങൾ ഇതിൽ കാണാം:

സത്യം വെളിപ്പെട്ടിരിക്കുന്നു: ‘അൽഹക്ക്’ (സത്യം) വന്നെത്തിയിരിക്കുന്നു എന്ന പ്രഖ്യാപനമാണിത്. ക്വുർആനിലൂടെയും പ്രവാചകനിലൂടെയും വിശുദ്ധ ജീവിതത്തിന്റെ യഥാർഥ ലക്ഷ്യമെന്തെന്ന് അല്ലാഹു മനുഷ്യർക്ക് മുന്നിൽ വ്യക്തമായി തുറന്നുവച്ചുകഴിഞ്ഞു. ഇനി നാളെ വിചാരണ നാളിൽ ‘ഞങ്ങൾക്ക് സത്യം എന്താണെന്ന് അറിയില്ലായിരുന്നു’ എന്നോ ‘ഞങ്ങൾക്ക് ആരും പറഞ്ഞുതന്നില്ല’ എന്നോ

ഉള്ള യാതൊരു ഒഴിവുകഴിവുകളും മനുഷ്യന് പറയാനാകില്ല. സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്ന വ്യക്തമായ തെളിവുകൾ മനുഷ്യരാശിക്ക് മുന്നിൽ സ്രഷ്ടാവ് എത്തിച്ചുകഴിഞ്ഞിരിക്കുന്നു.

നേർവഴിയുടെ ഗുണം വ്യക്തിക്കുതന്നെ: മനുഷ്യന്റെ വലിയൊരു അഹങ്കാരമാണ് ഈ വരി തിരുത്തുന്നത്. നാം ദൈവത്തെ ആരാധിക്കുന്നത് അവനു വല്ല ഗുണവും കിട്ടാനാണെന്ന തോന്നൽ പലർക്കുമുണ്ട്. എന്നാൽ അല്ലാഹു പറയുന്നു: നിങ്ങൾ നേർവഴി സ്വീകരിച്ചാൽ അതിന്റെ പൂർണ്ണമായ ഗുണഭോക്താവ് നിങ്ങൾ തന്നെയാണ്.

സ്രഷ്ടാവിനെ വണങ്ങുന്നതിലൂടെ ദൈവത്തിന്റെ പ്രതാപത്തിന് ഒന്നും കൂട്ടിച്ചേർക്കാൻ മനുഷ്യന് സാധ്യമല്ല. നിസ്കാരം, ദാനധർമ്മങ്ങൾ, സത്യസന്ധത തുടങ്ങിയ ദൈവിക കൽപ്പനകൾ പാലിക്കുന്നത് വഴി മനുഷ്യന് തനിക്കാണ് ഈ ലോകത്ത് മാനസിക സമാധാനവും പരലോകത്ത് ശാശ്വതമായ വിജയവും ലഭിക്കുന്നത്.

## വഴിപിഴവിന്റെ ദോഷം വ്യക്തിപരമാണ്

ഒരാൾ സത്യം നിഷേധിക്കാനും അതിക്രമത്തിന്റെ വഴി തിരഞ്ഞെടുക്കാനും തീരുമാനിച്ചാൽ, അവൻ ദൈവത്തെയോ പ്രവാചകനെയോ അല്ല തോൽപിക്കുന്നത്; മറിച്ച് സ്വന്തം ആത്മാവിനെത്തന്നെയാണ്. ഒരു രോഗിക്ക് ഡോക്ടർ കൃത്യമായ മരുന്ന് കുറിച്ചു നൽകിയിട്ടും അവൻ അത് കഴിക്കാൻ തയ്യാറായില്ലെങ്കിൽ അതിന്റെ ദുരന്തം അവൻതന്നെയാണ് അനുഭവിക്കേണ്ടിവരിക, ഡോക്ടറല്ല. അതുപോലെ, ദൈവിക മാർഗനിർദേശങ്ങൾ തള്ളിക്കളഞ്ഞ് അതിക്രമത്തിന്റെ വഴി തിരഞ്ഞെടുക്കുന്നവർ സ്വന്തം നാശത്തിലേക്കുള്ള വഴിതന്നെയാണ് തുറക്കുന്നത്.

## പ്രവാചകൻ ഒരു കാവൽക്കാരനല്ല

“ഞാൻ നിങ്ങളുടെമേൽ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവനല്ല’ (വമാ അന അലൈക്കും ബി വകീൽ) എന്ന പ്രഖ്യാപനം വളരെ പ്രധാനപ്പെട്ടതാണ്. ജനങ്ങളെ നിർബന്ധിച്ച് മതത്തിൽ ചേർക്കാനോ, അടിച്ചു വിശ്വസിപ്പിക്കാനോ ആരെയും അല്ലാഹു ചുമതലപ്പെടുത്തിയിട്ടില്ല.

സത്യം എന്താണെന്ന് സ്നേഹത്തോടെയും യുക്തിയോടെയും ജനങ്ങളിലേക്ക് എത്തിക്കുക എന്നത് മാത്രമാണ് പ്രവാചകന്റെയും വിശ്വാസികളുടെയും ബാധ്യത. അത് ഉൾക്കൊള്ളണോ വേണ്ടയോ എന്നത് ഓരോ വ്യക്തിയുടെയും തീരുമാനമാണ്. വിശ്വാസം എന്നത് അടിച്ചേൽപിക്കേണ്ട ഒന്നല്ല, മറിച്ച് സ്വതന്ത്രമായ വിവേകത്തിലൂടെ ഹൃദയത്തിൽ സ്വീകരിക്കേണ്ട ഒന്നാണെന്ന് ഈ വചനം വ്യക്തമാക്കുന്നു.

ജീവിതം നിരന്തരമായ തിരഞ്ഞെടുപ്പുകളുടെ ആകെത്തുകയാണ്. ശരിയായ പാതയും തെറ്റായ പാതയും നമ്മുടെ മുന്നിലുണ്ട്. സ്രഷ്ടാവിനെ അംഗീകരിച്ച് അവനു കീഴ്പ്പെട്ട് ജീവിക്കാനുള്ള വിവേകം നാം കാണിച്ചാൽ, അത് നമ്മുടെതന്നെ വിജയമാണ്. അല്ലാത്തപക്ഷം നഷ്ടം നമുക്ക് മാത്രമായിരിക്കും.

*(‘ഹേ, മനുഷ്യരേ’-യാ അയ്യുഹന്നാസ്-എന്ന തലക്കെട്ടിലുള്ള ഈ ലേഖനപരമ്പര പൂർത്തിയായിരിക്കുകയാണ്).*

*മനുഷ്യന്റെ ഉൽപത്തി, ലക്ഷ്യം, സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമകൾ, ജീവിതത്തിലെ പരീക്ഷണങ്ങൾ, സന്മാർഗവും ദുർമാർഗവും, പുനരുത്ഥാനവും വിചാരണയും തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ഖുർആൻ ലോകർക്കു മുമ്പിൽ എങ്ങനെ അവതരിപ്പിച്ചു എന്നത് നാം കണ്ടു.*

*മാനവരാശിയെ ഒന്നായി കണ്ടുകൊണ്ട് ഖുർആൻ നൽകുന്ന ഈ സാർവലൗകിക സന്ദേശങ്ങൾ ജീവിതത്തിൽ ഉൾക്കൊള്ളാനും ചിന്തിക്കാനും അല്ലാഹു നമ്മെ ഏവരെയും തുണയ്ക്കട്ടെ.*

*‘യാ അയ്യുഹന്നാസ്’ എന്ന സംബോധന ഖുർആനിൽ 20 തവണ വന്നതായി കാണാം. അതിൽ സൂറതുന്നംലിലെ 16ാം വചനവും കാണാൻ സാധിക്കും. എന്നാൽ ഈ പരമ്പരയിൽ ആ വചനം ഉൾപ്പെടുത്തിയിട്ടില്ല. കാരണം, ആ വചനത്തിലെ വിളി സുലൈമാൻ നബി(അ) തന്റെ ജനതയോടു നടത്തിയിട്ടുള്ളതാണ്. അദ്ദേഹം തന്റെ ജനതയോട് തനിക്ക് അല്ലാഹു നൽകിയ സവിശേഷമായ അനുഗ്രഹത്തെക്കുറിച്ച് പറയുന്നതാണ് അതിലെ വിഷയം.*

*നാം ചർച്ച ചെയ്ത സാർവലൗകിക ഉപദേശങ്ങളിൽനിന്നും വ്യത്യസ്തമായി, ഒരു പ്രത്യേക ചരിത്ര പശ്ചാത്തലത്തെയും ഒരു പ്രവാചകനു ലഭിച്ച മുഅ്ജിസത്തിനെയും (ദൈവിക ദൃഷ്ടാന്തം) സൂചിപ്പിക്കുന്ന വിഷയമായതുകൊണ്ടാണ് ഈ പരമ്പരയുടെ തനിമ നിലനിറുത്താൻ ആ വചനം ഒഴിവാക്കിയത്.*

*(അവസാനിച്ചു)*



# ഋതുമതിയാകുമ്പോൾ

ഡോ. റഫീദ കെ.

وَقَدْ خَلَقَكُمْ أَطْوَارًا

“അവൻ നിങ്ങളെ വിവിധ ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുന്നു”(ക്വുർആൻ 71:14).

മനുഷ്യജീവിതം വിവിധ ഘട്ടങ്ങളിലൂടെയുള്ള മനോഹരമായ ഒരു യാത്രയാണ്. ശൈശവത്തിൽ നിന്നു ബാല്യത്തിലേക്കും ബാല്യത്തിൽനിന്നു കൗമാരത്തിലേക്കും പിന്നീടു പ്രായപൂർത്തിയിലേക്കുമുള്ള ഓരോ മാറ്റവും അല്ലാഹു നിശ്ചയിച്ച സൃഷ്ടിക്രമത്തിന്റെ ഭാഗമാണ്. ഒരു പെൺകുട്ടിയുടെ ജീവിതത്തിൽ കൗമാരത്തിലേക്കുള്ള പ്രവേശനത്തിന്റെ പ്രധാന അടയാളങ്ങളിലൊന്നാണ് ആദ്യത്തെ ആർത്തവം (Menarche). അത് അവളുടെ ജീവിതത്തിലെ ഭയത്തിന്റെ തുടക്കമല്ല; അറിവിന്റെയും ആത്മവിശ്വാസത്തിന്റെയും ഉത്തരവാദിത്തബോധത്തിന്റെയും പുതിയൊരു ഘട്ടത്തിലേക്കുള്ള പ്രവേശനമാണ്. ആർത്തവം ഒരു രോഗമോ ലജ്ജിക്കേണ്ടതോ പേടിക്കേണ്ടതോ ആയ കാര്യവുമല്ല. അല്ലാഹു സ്ത്രീശരീരത്തിൽ

**ആർത്തവം ആരംഭിക്കുന്നതോടെ അതുമായി ബന്ധപ്പെട്ട മതപരമായ കാര്യങ്ങളും കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. നമസ്കാരം, നോമ്പ്, കുളി തുടങ്ങിയവ നിർവഹിക്കുന്നതിലുള്ള ഇസ്‌ലാമിക നിയമങ്ങൾ ശരിയായ രീതിയിൽ അവർ പഠിച്ചറിയേണ്ടതുണ്ട്.**

ഒരുക്കിയിട്ടുള്ള സ്വാഭാവികമായ ഒരു ജൈവപ്രക്രിയയാണത്.

ആദ്യമായി ആർത്തവമുണ്ടാകുമ്പോൾ ചില പെൺകുട്ടികൾക്ക് ഭയവും ആശയക്കുഴപ്പവുമുണ്ടായേക്കാം. എന്താണു സംഭവിച്ചത്, ഇനി എന്തു ചെയ്യണം, ഡോക്ടറെ കാണേണ്ടതുണ്ടോ, എങ്ങനെ ശുചിത്വം പാലിക്കണം, ഭക്ഷണത്തിൽ എന്തൊക്കെ ശ്രദ്ധിക്കണം... എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ അവളുടെ മനസ്സിലുയരും. അതിനാൽ അതിനെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവും അപ്പോൾ എന്തുചെയ്യണമെന്നതിനെപ്പറ്റിയുള്ള പ്രായോഗിക ജ്ഞാനവും കുട്ടിക്ക് നേരത്തെതന്നെ നൽകേണ്ടത് അനിവാര്യമാണ്.

ആർത്തവം ആരംഭിക്കുന്നതോടെ അതുമായി ബന്ധപ്പെട്ട മതപരമായ കാര്യങ്ങളും കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. നമസ്കാരം, നോമ്പ്, കുളി തുടങ്ങിയവ നിർവഹിക്കുന്നതിലുള്ള ഇസ്‌ലാമിക നിയമങ്ങൾ ശരിയായ രീതിയിൽ അവർ പഠിച്ചറിയേണ്ടതുണ്ട്.

### എന്താണ് ആർത്തവം?

ഒരു പെൺകുട്ടി ജനിക്കുമ്പോൾതന്നെ ഗർഭാശയം, അണ്ഡാശയം തുടങ്ങിയ എല്ലാ പ്രത്യുൽപാദന അവയവങ്ങളും അവളുടെ ശരീരത്തിലുണ്ടാകും. ആർത്തവം തുടങ്ങുമ്പോൾ ശരീരത്തിൽ പുതിയ അവയവങ്ങൾ ഉണ്ടാവുകയല്ല; നേരത്തെ ഉണ്ടായിരുന്ന പ്രത്യുത്പാദന അവയവങ്ങൾ ഹോർമോണുകളുടെ നിയന്ത്രണത്തിൽ പ്രവർത്തനക്ഷമമാകുകയാണ് ചെയ്യുന്നത്.

സാധാരണയായി ആർത്തവചക്രം (Menstrual Cycle) 28 ദിവസമാണ്. എന്നാൽ ഇത് എല്ലാവരിലും കൃത്യം 28 ദിവസം തന്നെയാകണമെന്നില്ല. 21 ദിവസം മുതൽ 35 ദിവസം വരെയുള്ള ആർത്തവചക്രം തികച്ചും സ്വാഭാവികവും ആരോഗ്യകരവുമാണ്.

ഓരോ മാസവും അണ്ഡാശയത്തിൽ ഒരു അണ്ഡം വളരുകയും സാധാരണയായി അടുത്ത ആർത്തവത്തിന് ഏകദേശം 14 ദിവസം മുമ്പ് അതു പുറത്തേക്കു വരികയും ചെയ്യുന്നു. ഇതിനെ അണ്ഡോത്സർജനം (Ovulation) എന്നു പറയുന്നു. അതോടൊപ്പം ഗർഭധാരണത്തിനായി ഗർഭാശയത്തിനുള്ളിൽ മൃദുവായ ഒരു പാളി രൂപപ്പെടുന്നു. ഗർഭധാരണം സംഭവിക്കാത്തപ്പോൾ ഈ പാളി രക്തത്തോടൊപ്പം ശരീരത്തിനു പുറത്തേക്കു പോകുന്നു. ഇതിനെയാണ് ആർത്തവം അഥവാ പിരീഡ്സ് എന്നു പറയുന്നത്.

### വ്യക്തിശുചിത്വം; രക്ഷിതാക്കൾ പഠിപ്പിക്കേണ്ടത്

ആദ്യ ആർത്തവത്തിൽ പെൺകുട്ടിക്ക് ശരിയായ വ്യക്തിശുചിത്വ ശീലങ്ങൾ പഠിപ്പിക്കുന്നത് രക്ഷിതാക്കളുടെ പ്രധാന ഉത്തരവാദിത്തമാണ്. ഭയപ്പെടുത്താതെയും ലജ്ജിപ്പിക്കാതെയും പ്രായത്തിന് അനുയോജ്യമായ രീതിയിൽ കാര്യങ്ങൾ പറഞ്ഞുകൊടുക്കണം.

*സാനിറ്ററി പാഡ് എങ്ങനെ ഉപയോഗിക്കണണമെന്നു പഠിപ്പിക്കുക:*

1) സാനിറ്ററി പാഡ് എങ്ങനെ ഉപയോഗിക്കണമെന്നും രക്തസ്രാവത്തിന്റെ തോത

നുസരിച്ച് പാഡ് ഇടയ്ക്കിടെ മാറ്റണമെന്നും കുട്ടികളോട് പറയണം. പാഡ് ഉപയോഗിക്കുമ്പോൾ ഉണ്ടായേക്കാവുന്ന അണുബാധകളും അസ്വസ്ഥതകളും ഒഴിവാക്കാനായി നാലു മണിക്കൂർ മുതൽ ആറു മണിക്കൂർവരെയുള്ള സമയത്തിനുള്ളിൽ (രക്തസ്രാവത്തിന്റെ തോത് കുറവാണെങ്കിൽ പോലും) പാഡ് മാറുന്ന ശീലം വളർത്തുക.

2) പാഡ് മാറ്റുന്നതിനു മുമ്പും ശേഷവും കൈകൾ സോപ്പുപയോഗിച്ചു കഴുകണം.

3) ഉപയോഗിച്ച പാഡ് സുരക്ഷിതമായും പരിസ്ഥിതി സൗഹൃദമായും നിർമാർജനം ചെയ്യുക, ടോയ്‌ലറ്റിൽ ഫ്ളഷ് ചെയ്യരുത്.

4) സ്വകാര്യഭാഗങ്ങൾ ശുദ്ധമായി സൂക്ഷിക്കുകയും ദിവസവും കുളിക്കുകയും ചെയ്യുക.

5) വൃത്തിയുള്ള, സുഖകരമായ അടിവസ്ത്രം ധരിക്കുകയും ആവശ്യമെങ്കിൽ മാറ്റുകയും ചെയ്യുക.

6) സ്വകാര്യഭാഗങ്ങളിൽ ശക്തമായ സുഗന്ധവസ്തുക്കളോ കഠിനമായ ക്ലീനിംഗ് ഉൽപന്നങ്ങളോ ഉപയോഗിക്കേണ്ടതില്ല.

പാഡിന് പുറമെ മെൻസ്ട്രൽ കപ്പും (menustal cup) ഇപ്പോൾ സ്വീകാര്യത കൂടിയ ഒരു ബദൽ മാർഗമായി മാറിയിട്ടുണ്ട്. കപ്പ് ഉപയോഗിക്കുന്നവർ അതിന്റെ ശരിയായ അളവ്, ഉപയോഗം, വൃത്തിയാക്കൽ, അണുവിമുക്തമാക്കൽ എന്നിവ സംബന്ധിച്ച നിർദേശങ്ങൾ കൃത്യമായി പാലിക്കണം. ആദ്യമായി ഋതുമതികളാകുന്ന കുട്ടികൾ തങ്ങൾക്ക് അനുയോജ്യവും സുരക്ഷിതവും സൗകര്യപ്രദവുമായ മാർഗം തിരഞ്ഞെടുക്കുന്നതാണ് ഉചിതം.

**ഭക്ഷണവും പോഷണവും**

ആർത്തവസമയത്ത് ശരീരത്തിൽ രക്തനഷ്ടം സംഭവിക്കുന്നതിനാൽ പോഷകസമൃദ്ധമായ ഭക്ഷണം വളരെ പ്രധാനമാണ്. ഇരുമ്പ് (Iron), ഫോളിക് ആസിഡ്, കാൽസ്യം, മഗ്നീഷ്യം, പ്രോട്ടീൻ എന്നിവയട ങ്ങിയ ഭക്ഷണങ്ങൾ ക്ഷീണം കുറയ്ക്കാനും ശരീരത്തിന് ഊർജം നൽകാനും സഹായിക്കുന്നു.

ചീര, മുരിങ്ങയില, പയറുവർഗങ്ങൾ, മാതളം, ഉണക്കമുന്തിരി, ഈന്തപ്പഴം, മുട്ട, മത്സ്യം, പാൽ, തൈര്, വിവിധ പഴങ്ങൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്.

വിറ്റാമിൻ സി ധാരാളമുള്ള ഓറഞ്ച്, നാരങ്ങ, നെല്ലിക്ക തുടങ്ങിയവ ഇരുമ്പിന്റെ ആഗിരണം വർധിപ്പിക്കാൻ സഹായിക്കും. ശരീരത്തിൽ ജലാംശം നിലനിർത്താൻ ധാരാളം വെള്ളം കുടിക്കണം. ഇളംചൂടുവെള്ളം, തേങ്ങാവെള്ളം, നാരങ്ങാവെള്ളം തുടങ്ങിയവയും ഗുണം ചെയ്യും. വയറുവേദനയും ക്ഷീണവും കുറയ്ക്കാൻ ഇഞ്ചി ചേർത്ത ചൂടുവെള്ളമോ ആരോഗ്യകരമായ മറ്റു പാനീയങ്ങളോ സഹായകമാകാറുണ്ട്.

എണ്ണയിൽ വറുത്ത ഭക്ഷണങ്ങൾ, ജങ്ക്ഫുഡ്, മധുരപലഹാരങ്ങൾ, കാർബണേറ്റഡ് പാനീയങ്ങൾ എന്നിവ പരമാവധി കുറയ്ക്കുന്നത് നല്ലതാണ്. കഫീൻ കൂടുതലുള്ള ചായയും കാപ്പിയും ചിലരിൽ അസ്വസ്ഥതയും വയറുവേദനയും വർധിപ്പിച്ചേക്കാം; ഇത് എല്ലാവർക്കും ഒരുപോലെ ബാധിക്കണമെന്നില്ല.

**ഒരു പെൺകുട്ടി ജനിക്കുമ്പോൾതന്നെ ഗർഭാശയം, അണ്ഡാശയം തുടങ്ങിയ എല്ലാ പ്രത്യുൽപാദന അവയവങ്ങളും അവളുടെ ശരീരത്തിലുണ്ടാകും. ആർത്തവം തുടങ്ങുമ്പോൾ ശരീരത്തിൽ പുതിയ അവയവങ്ങൾ ഉണ്ടാവുകയല്ല; നേരത്തെ ഉണ്ടായിരുന്ന പ്രത്യുത്പാദന അവയവങ്ങൾ ഹോർമോണുകളുടെ നിയന്ത്രണത്തിൽ പ്രവർത്തനക്ഷമമാകുകയാണ് ചെയ്യുന്നത്.**

സമീകൃതമായ ഭക്ഷണക്രമം, മതിയായ വിശ്രമം, ലഘുവായ വ്യായാമം എന്നിവ ആർത്തവസമയത്തെ അസ്വസ്ഥതകൾ കുറയ്ക്കാനും ആരോഗ്യത്തോടെ ഈ ദിവസങ്ങൾ പിന്നിടാനും സഹായിക്കും.

*ആർത്തവചക്രം രേഖപ്പെടുത്താൻ സഹായിക്കുക:* ആദ്യത്തെ ആർത്തവത്തിനു ശേഷം തീയതികൾ രേഖപ്പെടുത്തുന്ന ശീലം വളർത്തണം. ആർത്തവം തുടങ്ങിയ ദിവസം ഓരോ മാസവും കൃത്യമായി രേഖപ്പെടുത്തുന്നത് നല്ലതാണ്.

*(അവസാനിച്ചില്ല)*



# നബിദിനാഘോഷം അനിസ്‌ലാമികം തന്നെ

ആദിൽ നിസാമുദ്ദീൻ
(ദാറുൽ അർഖം അൽഹിന്ദ്, തിരുവനന്തപുരം)
: 9656656522

"നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്"(ബുഖാരി). "ആരെങ്കിലും നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവർത്തനം ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്‌ലിം) .

ഇസ്‌ലാമിലെ ഓരോ ആരാധനാകർമവും ആഘോഷവുമെല്ലാം അല്ലാഹു അവന്റെ തിരുദൂതനിലൂടെ ക്ലിപ്തപ്പെടുത്തിത്തന്നതാണ്. എന്നാൽ അതിൽ പെടാത്ത പല പുത്തനാചാരങ്ങളും സമുദായത്തിൽ നിലവിലുണ്ട്. അതിലൊന്നാണ് നബിദിനാഘോഷം. 'മീലാദുന്നബി' എന്ന പേരിൽ നടക്കുന്ന ആഘോഷങ്ങൾക്ക് ഇസ്‌ലാമിക പ്രമാണങ്ങളുടെ യാതൊരു പിൻബലവുമില്ല. നബി(സ്വ)യോ അദ്ദേഹത്തിന്റെ സന്തതസഹചാരികളോ അങ്ങനെയൊരു ആഘോഷം ജീവിതത്തിൽ നടത്തിയിട്ടില്ല. സ്വഹാബികളുടെ തുടർച്ചക്കാരായ താബിഉകളും അവരെത്തുടർന്നു വന്നവരും മീലാദുന്നബി ആഘോഷിച്ചിട്ടില്ല. പ്രസിദ്ധരായ നാലു ഇമാമുകൾക്കും അത് പരിചയമില്ല. പിന്നെ അതെങ്ങനെയാണ് മഹത്തായ ഒരു ആഘോഷമായി മാറുക?

ലോകർക്ക് കാരുണ്യമായും അന്തിമദൂതനായും നബി(സ്വ)യെ നിയോഗിച്ച അല്ലാഹുവിനാണല്ലോ അദ്ദേഹത്തിന്റെ ജനനത്തെ ആഘോഷമാക്കി അനുവദിച്ചു നൽകാനുള്ള അവകാശവും. അങ്ങനെയൊരു കൽപന പ്രമാണങ്ങളിൽ കാണുക സാധ്യമല്ല. പ്രവാചകത്വം ലഭിച്ചതുമുതൽ ഇരുപത്തിമൂന്നു വർഷം ജീവിച്ച നബി(സ്വ) സ്വയംതന്നെയും അതിനു മാതൃകയായിട്ടില്ല. അല്ലാഹുവിന്റെ തൃപ്തിയും അനുഗ്രഹവും കൊണ്ട് പൂർത്തിയായ ദീനിൽ ഈ ആഘോഷത്തിന് ഒരു ന്യായവുമില്ല എന്നു വ്യക്തം.

ഉത്തമ നൂറ്റാണ്ടുകൾക്കു ശേഷം ഭൗതികമായ താൽപര്യാർഥം ചിലർ മതത്തിന്റെ പേരിൽ ഉണ്ടാക്കിയ പുത്തനാചാരമാണ് നബിദിനാഘോഷം. പ്രവാചക സ്നേഹമെന്ന പേരിൽ നടത്തുന്ന ഈ ആഘോഷങ്ങൾ ഇസ്‌ലാമിന്റെ ആത്മാവിന് നിരക്കുന്നതാണോ എന്ന് നാം ഗൗരവമായി ചിന്തിക്കുകയും പരിശോ

ധിക്കു കയും ചെയ്യേണ്ടതുണ്ട്.

**രണ്ട് ആഘോഷങ്ങൾ മാത്രം**

ഇസ്‌ലാമിക പ്രമാണങ്ങളനുസരിച്ച് മുസ്‌ലിംകൾക്ക് ആഘോഷിക്കാൻ അനുവദിക്കപ്പെട്ടത് രണ്ട് ഈദുകൾ മാത്രമാണ്; ഈദുൽ ഫിത്‌റും ഈദുൽ അദ്ഹയും.

നബി(സ്വ) മദീനയിൽ ചെന്നപ്പോൾ അവിടെയുള്ള ആളുകൾ ആഘോഷിച്ചിരുന്ന ദിനങ്ങളെക്കുറിച്ച് ചോദിച്ചറിയുകയും അവയ്ക്ക് പകരം അതിനെക്കാൾ ഉത്തമമായ രണ്ട് ഈദുകൾ അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 'ഈദ് മീലാദുന്നബി' എന്ന പേരിൽ മൂന്നാമതൊരു ഈദ് ഉണ്ടാക്കുന്നത് മതത്തിൽ പുതിയ കാര്യം കൂട്ടിച്ചേർക്കലാണ്.

**സ്വഹാബികളും പ്രവാചക കുടുംബവും മാതൃക കാണിച്ചിട്ടില്ല**

നബി(സ്വ)യെ ഏറ്റവും കൂടുതൽ സ്നേഹിച്ചത് അബൂബക്ർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) തുടങ്ങിയ സ്വഹാബിവൃന്ദമാരും ഫാത്വിമ(റ) അടക്കമുള്ള അഹ്‌ലുൽ ബൈത്തുമാണ്. പ്രവാചകന്റെ വിടവാങ്ങലിനു ശേഷം പതിറ്റാണ്ടുകളോളം അവരിൽ പലരും ജീവിച്ചിരുന്നിട്ടുണ്ട്. എന്നാൽ അവരാരും തന്നെ തിരുനബി(സ്വ)യുടെ ജനനദിവസത്തെ ആഘോഷവേളയാക്കിയിട്ടില്ല.

നബി(സ്വ) നടന്നുനീങ്ങിയ കാൽപാടുകൾക്കനുസരിച്ച് പിറകിൽ നടക്കാൻ ശ്രമിച്ചവരാണ് സ്വഹാബിമാർ. അവിടുത്തെ ശരീരത്തിലേക്ക് പാഞ്ഞടുത്ത അമ്പുകൾ സ്വന്തം ശരീരം കൊണ്ട് തടുക്കാൻ ധൈര്യം കാണിച്ചവർ അവരിലുണ്ട്. അവരെക്കാൾ വലിയ പ്രവാചകസ്നേഹം അവകാശപ്പെടാൻ ആർക്കാണ് കഴിയുക? നബിദിനാഘോഷം ഒരു പുണ്യകർമമായിരുന്നെങ്കിൽ അവരത് ഒഴിവാക്കുമായിരുന്നോ?

**സുന്നത്തും ബിദ്അത്തും**

പ്രവാചകനോടുള്ള യഥാർഥ സ്നേഹം 'ഇത്തിബാഅ്' ആണ്. അതായത് അവിടുന്ന് കാണിച്ചുതന്ന മാതൃകകൾ (സുന്നത്ത്) ജീവിതത്തിൽ പകർത്തലാണ്. അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ഖുർആൻ 3:31).

ഇമാം ബുഖാരിയും മുസ്‌ലിമും അബൂഹുറയ്‌റ(റ)യിൽനിന്ന് ഉദ്ധരിക്കുന്നു. നബി(സ്വ) പറഞ്ഞു: "ആരെങ്കിലും എന്നെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും എന്നോട് അനുസരണക്കേടു കാണിച്ചാൽ അവൻ അല്ലാഹുവിനെയാണ് ധിക്കരിച്ചത്."

പ്രവാചകൻ(സ്വ) പഠിപ്പിച്ചുതരാത്ത മീലാദ് ആഘോഷങ്ങൾക്കായി പണവും സമയവും ചെലവഴിക്കുകയും പ്രവാചകന്റെ സുന്നത്തുകളെ അവഗണിക്കുകയും ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്.

മതത്തിൽ പുതിയ കാര്യങ്ങൾ ഉണ്ടാക്കുന്നതിനെതിരെ നബി (സ്വ) ശക്തമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്:

ആഇശ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്"(ബുഖാരി: 2697).

"ആരെങ്കിലും നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവർത്തനം ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്‌ലിം: 1718) .

അല്ലാഹു പറയുന്നു: "നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക" (ഖുർആൻ 59:7).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

4:59 ആയത്തിന്റെ വിവരണത്തിൽ മുഫസ്സിറുകൾ പറഞ്ഞിട്ടുള്ളത്; അല്ലാഹുവിലേക്ക് മടക്കണം എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്ക് എന്നാണ്. നബി(സ്വ)യിലേക്ക് മടക്കണമെന്ന് പറഞ്ഞതിന്റെ വിവക്ഷ പ്രവാചക നിയോഗശേഷം അവിടുത്തെ സുന്നത്തിലേക്ക് മടക്കണം എന്നുമാണ്.

നബിദിനാഘോഷത്തിന്റെ വിഷയത്തിലെ ഭിന്നിപ്പിലും നമ്മൾ ചെയ്യേണ്ടത് ഖുർആനിലേക്കു സുന്നത്തിലേക്കും മടക്കുകയാണല്ലോ. അവയിലേക്ക് മടക്കിയാൽ ഭിന്നതക്ക് പരിഹാരമാകും. ■



# എന്തിനു സ്വാതന്ത്ര്യം?

നസീമ വാടാനപ്പള്ളി

സ്വാതന്ത്ര്യദിനത്തിൽ വന്ദേമാതരത്തിന്റെ പേരിലുള്ള ബഹളങ്ങൾ അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കവെ 'സ്വാതന്ത്ര്യം' എന്ന വിഷയത്തെക്കുറിച്ച് ഒരു കുറിപ്പെഴുതാൻ അവൾ തന്റെ തൂലിക കയ്യിലേന്തി. അന്ന് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ധീരയോദ്ധാക്കൾ മുന്നിട്ടിറങ്ങിയപ്പോൾ പിന്നണിയിൽ ഒരേ മനസ്സോടെ ഇന്ത്യക്കാർ അണിനിരന്നു; ചില ഒറ്റുകാരൊഴിച്ച്. അങ്ങനെ ഇന്ത്യ സ്വതന്ത്രയായി.

ഇന്നത്തെ അവസ്ഥയെന്താണ്? ഭരിക്കുന്നവർ വിദേശികളല്ല. എന്നാൽ ജനങ്ങളുടെ ന്യായമായ ചില സ്വാതന്ത്ര്യങ്ങൾക്കു പോലും അവർ വിലക്കേർപ്പെടുത്തുന്നു.

ഇന്ന് ഓരോരുത്തർക്കും ആവശ്യം ഓരോതരം സ്വാതന്ത്ര്യമാണ്. വർഗീയതക്ക് രാഷ്ട്രീയ സ്വാതന്ത്ര്യത്തെ മറയാക്കുന്നവർ നേരും നെറിയുമില്ലാതെ രാഷ്ട്രീയരംഗത്തെ കളങ്കപ്പെടുത്തുന്നു. കാമപൂർത്തീകരണത്തിന് ലൈംഗിക സ്വാതന്ത്ര്യം വേണമെന്നതാണ് ചിലരുടെ ആവശ്യം. സ്വന്തം അമ്മയോടും സഹോദരിമാരോടുമെല്ലാം ലൈംഗികതയാവാം, അവരുടെ സമ്മതം നേടിയാൽ മതി എന്നും മൃഗങ്ങളോടു പോലും അതാവാം എന്നും വാദിക്കുന്ന നെറികെട്ടവർക്കും ഇവിടെ സമരമുഖങ്ങളുണ്ട്. ലിബറൽ, ജെൻഡർ ന്യൂട്രാലിറ്റി ആശയങ്ങൾക്ക് വളർന്നു വികസിക്കാനുള്ള സ്വാതന്ത്ര്യം വേണമെന്നതാണ് ചിലരുടെ ആവശ്യം.

ലഹരികൾക്ക് അടിമപ്പെട്ട് സ്വന്തം മാതാപിതാക്കളെ പോലും കൊന്നൊടുക്കുന്നവർ ആഗ്രഹിക്കുന്നത് ലഹരി യഥേഷ്ടം ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമാണ്. കൊള്ളപ്പലിശയാൽ ആത്മഹത്യകൾ പെരുകുമ്പോഴും പലിശനിരക്ക് കൂട്ടാനായുള്ള സ്വാതന്ത്ര്യമാണ് ഫിനാൻസ് രംഗത്തുള്ളവരുടെ ആവശ്യം. മത സ്വാതന്ത്ര്യത്തിന്റെ മറവിൽ നടക്കുന്ന ആത്മീയ ചൂഷണങ്ങക്ക് അതിരില്ല. ജീവിതത്തെ സ്വന്തം ഇഷ്ടാനുസരണം നയിക്കാനും വേണ്ടിവന്നാൽ ജീവിതം അവസാനിപ്പിക്കാനും സ്വാതന്ത്ര്യം വേണമെന്നും ആവശ്യപ്പെടുന്നവരുണ്ട്.

പിന്നെ എങ്ങനെ സ്വാതന്ത്ര്യത്തെക്കുറിച്ച് എഴുതും? താനെഴുതിയ കടലാസുതുണ്ടുകൾ ഓരോന്നും അവൾ ചുരുട്ടിയെറിഞ്ഞു. തെല്ലുനേരം കഴിഞ്ഞപ്പോൾ പെയ്ത ചാറ്റൽ മഴയോടൊപ്പം പതുങ്ങി വന്ന മന്ദമാരുതൻ അവളിലെ ആത്മരോഷത്തെ ചെറുതായി തണുപ്പിച്ചു. വികാരത്തെ മറികടന്നു വിവേകത്തിലേക്കു മനസ്സു ചാഞ്ഞപ്പോൾ അവൾ വീണ്ടും തന്റെ തൂലികയെടുത്തു:

മനുഷ്യാ, നിനക്കെവിടെയണു പിഴച്ചത്? Super Animal എന്നറിയപ്പെടുന്ന നീ എങ്ങനെയാണ് മൃഗത്തെക്കാൾ അധഃപതിച്ചുപോയത്? അതെ, നീ നിന്റെ അസ്തിത്വത്തിന്റെ ലക്ഷ്യം തന്നെ മറന്നതോടെയാണു നിന്റെ മൂല്യച്യുതി ആരംഭിച്ചത്.

പരിശുദ്ധ ഖുർആൻ ചോദിക്കുന്നു: 'മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടില്ലേ?' (76:1).

അതെ, നാം എന്തായിരുന്നു? എവിടെനിന്നു തുടങ്ങി? എവിടെ അവസാനിക്കും? നമുക്ക് നമ്മുടെതെന്നു പറയാൻ എന്താണുള്ളത്? ചോദ്യങ്ങൾ ഒരുപാടുണ്ട്.

ഏകനായ ഒരു രക്ഷിതാവാണ് ഒന്നുമല്ലാത്ത അവസ്ഥയിൽ നിന്നും നമ്മെ പടച്ചതും പരിപാലിക്കുന്നതും ആയുസ്സിന്റെ അളവു നിർണയിക്കുന്നതും. അല്ലാഹു എന്റെ രക്ഷിതാവും ഞാൻ അവന്റെ അടിമയുമാണ് എന്ന തിരിച്ചറിവാണ് മനുഷ്യനെ യഥാർഥ മനുഷ്യനാക്കി മാറ്റുന്നതും ജീവിതലക്ഷ്യം പൂർത്തീകരിക്കാൻ പ്രാപ്തനാക്കുന്നതും.

എഴുത്തിനൊപ്പം അവളുടെ ചുണ്ടുകളും അതേറ്റു പറഞ്ഞുകൊണ്ടേയിരുന്നു. രാത്രിയിലെ ഏകാന്തതയും ചാറ്റൽ മഴയും കൂടെ വന്ന മന്ദമാരുതനും അതിനു സാക്ഷിയായി.

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٤٣﴾

143. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٤٤﴾

144. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

*143,144) (തീർച്ചയായും ഞാൻ നിങ്ങളിലേക്കുള്ള ഒരു ദൂതനാകുന്നു) നിങ്ങളുടെ രക്ഷിതാവായ അല്ലാഹു ഒരു കാരുണ്യമായി എന്നെ നിങ്ങളിലേക്ക് അയച്ചു. അവന്റെ കരുണ നിങ്ങൾ സ്വീകരിക്കുക. അതിന് കീഴൊതുങ്ങുകയും ചെയ്യുക. (വിശ്വസ്തനായ) ഞാൻ വിശ്വസ്തനാണെന്ന് നിങ്ങൾക്ക് അറിയുന്നതുകൊണ്ട് തന്നെ നിങ്ങൾക്ക് എന്നിലും ഞാൻ കൊണ്ടുവന്നതിലും വിശ്വസിക്കാവുന്നതാണ്.*

---

وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ ﴿١٤٥﴾

145. നിങ്ങളോട് ഞാൻ ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽനിന്ന് മാത്രമാകുന്നു.

*145) (നിങ്ങളോട് ഞാൻ ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല) അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് പറയാമായിരുന്നു, നിന്നെ പിന്തുടരുന്നതിൽ നിന്ന് ഞങ്ങളെ തടയുന്നത് നീ ഞങ്ങളുടെ സമ്പത്ത് എടുക്കാൻ മോഹിക്കുന്നു എന്നതുകൊണ്ടാണ് എന്ന്. (എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിൽനിന്ന് മാത്രമാകും) അവനിൽ നിന്നല്ലാതെ ഞാൻ യാതൊരു പ്രതിഫലവും ആവശ്യപ്പെടുകയില്ല.*

---

أَتُتْرَكُونَ فِي مَا هَاهُنَا آمِنِينَ ﴿١٤٦﴾

146. ഇവിടെയുള്ളതിൽ (സമൃദ്ധിയിൽ) നിർഭയരായിക്കഴിയാൻ നിങ്ങൾ വിട്ടേക്കപ്പെടുമോ?

فِي جَنَّاتٍ وَعُيُونٍ ﴿١٤٧﴾

147. അതായത് തോട്ടങ്ങളിലും അരുവികളിലും.

وَزُرُوعٍ وَنَخْلٍ طَلْعُهَا هَضِيمٌ ﴿١٤٨﴾

148. വയലുകളിലും കുല ഭാരം തൂങ്ങുന്ന ഈന്തപ്പനകളിലും.

*146-148) (ഇവിടെയുള്ളതിൽ നിർഭയരായി കഴിയാൻ നിങ്ങൾ വിട്ടേക്കപ്പെടുമോ? അതായത് തോട്ടങ്ങളിലും അരുവികളിലും വയലുകളിലും കുലഭാരം തൂങ്ങുന്ന ഈന്തപ്പനകളിലും) ഈ സുഖങ്ങളിൽ നിങ്ങൾ അവശേഷിപ്പിക്കപ്പെടുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ; ഈ അനുഗ്രഹങ്ങൾ നിങ്ങൾക്കു നൽകിയത് വെറുതെയാണെന്നും മൃഗങ്ങളെ പോലെ ശാരീരിക സുഖങ്ങൾ ആസ്വദിക്കുകയല്ലാതെ മറ്റു ലക്ഷ്യമില്ലെന്നും? അതായത്, കൽപനകളും വിലക്കുകളും പാലിക്കേണ്ടതില്ല എന്നും നിങ്ങൾ വിചാരിക്കുന്നുണ്ടോ? മാത്രവുമല്ല, ഈ അനുഗ്രഹങ്ങളെല്ലാം അല്ലാഹുവിനെതിരെ പ്രവർത്തിക്കാൻ നിങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.*

149. നിങ്ങൾ സന്തോഷപ്രമത്തരായിക്കൊണ്ട് പർവതങ്ങളിൽ വീടുകൾ തുരന്നുണ്ടാക്കുകയും ചെയ്യുന്നു.

وَتَنْحِتُونَ مِنَ الْجِبَالِ بُيُوتًا فَارِهِينَ ﴿١٤٩﴾

*149) (നിങ്ങൾ സന്തോഷ പ്രമത്തരായിക്കൊണ്ട് പർവതങ്ങളിൽ വീടുകൾ തുരന്നുണ്ടാക്കുകയും ചെയ്യുന്നു) മികച്ച വൈദഗ്ധ്യത്തോടെ പർവതങ്ങളിൽ വീടുകൾ കൊത്തിയുണ്ടാക്കുക. അതായത്, നിങ്ങളുടെ മിടുക്കും വൈദഗ്ധ്യവും കട്ടിയുള്ള ഉറച്ച പർവതങ്ങളിൽ വീടുകൾ നിർമിക്കുന്ന തരത്തിൽ എത്തിയിരിക്കുന്നു.*

150. ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٥٠﴾

151. അതിക്രമകാരികളുടെ കൽപന നിങ്ങൾ അനുസരിച്ചുപോകരുത്.

وَلَا تُطِيعُوا أَمْرَ الْمُسْرِفِينَ ﴿١٥١﴾

*150-151) (ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, എന്നെ അനുസരിക്കുകയും ചെയ്യുവിൻ. അക്രമകാരികളുടെ കൽപനകൾ നിങ്ങൾ അനുസരിച്ചുപോകരുത്) അവർ പരിധി വിട്ടവരാണ്.*

152. ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നന്മ വരുത്താതിരിക്കുകയും ചെയ്യുന്നവരുടെ.

الَّذِينَ يُفْسِدُونَ فِي الْأَرْضِ وَلَا يُصْلِحُونَ ﴿١٥٢﴾

*152) (ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നന്മ വരുത്താതിരിക്കുകയും ചെയ്യുന്നവരുടെ-കൽപന) പാപങ്ങൾ ചെയ്തും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും അതിലേക്ക് ആളുകളെ ക്ഷണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർ. കുഴപ്പമല്ലാതെ യാതൊരു നന്മയും അവരെക്കൊണ്ടില്ല. ഇത് ഏറ്റവും മോശപ്പെട്ട മനോഭാവമാണ്. കാരണം ഇത് ശുദ്ധമായ തിന്മയാണ്.*

*തങ്ങളുടെ പ്രവാചകനെ എതിർക്കണമെന്ന് നേരത്തെ നിലപാടെടുക്കുകയും വഴികേടിന്റെ മാർഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിൽ വ്യാപൃതരാവുകയും ചെയ്യുന്നവരിൽ വഞ്ചിതരാകരുതെന്ന് സ്വാലിഹ് നബി(അ) അവരോടു പറഞ്ഞു. അവരെക്കുറിച്ചായിരിക്കും അല്ലാഹു ഇങ്ങനെ പറഞ്ഞത്:*

وَكَانَ فِي الْمَدِينَةِ تِسْعَةُ رَهْطٍ يُفْسِدُونَ فِي الْأَرْضِ وَلَا يُصْلِحُونَ

*'ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരും, ഒരു നൻമയുമുണ്ടാക്കാത്തവരുമായ ഒമ്പതു പേർ ആ പട്ടണത്തിലുണ്ടായിരുന്നു' (27:48)*

*എന്നാൽ ഈ നിരോധനവും ഉപദേശവും പ്രയോജനപ്പെട്ടില്ല. അവർ സ്വാലിഹ് നബി(അ) യോടു പറഞ്ഞു:*

153. അവർ പറഞ്ഞു: നീ മാരണം ബാധിച്ചവരിൽ പെട്ട ഒരാൾ മാത്രമാകുന്നു.

قَالُوا إِنَّمَا أَنتَ مِنَ الْمُسَحَّرِينَ ﴿١٥٣﴾

*153) (അവർ പറഞ്ഞു: നീ മാരണം ബാധിച്ചവരിൽ പെട്ട ഒരാൾ മാത്രമാകുന്നു) താങ്കൾക്ക് മാരണം ബാധിച്ചിരിക്കുകയാണ്. അർഥമില്ലാത്ത എന്തൊക്കെയോ പറഞ്ഞുകൊണ്ടിരിക്കുന്നു.*

# എന്റെ തൂലിക

നദ ജബീൻ സി. പി.



പറയാതെ പോയ വാക്കുകൾക്ക്
മൗനം ഒരിക്കലും അവസാനമല്ല,
അവ എവിടെയോ അക്ഷരങ്ങളായ്
വീണ്ടും ജനിക്കും.
കടന്നുപോയ വഴികളിൽ
കണ്ടുമുട്ടിയ മനുഷ്യരും
ഹൃദയത്തിൽ പതിഞ്ഞ മുഖങ്ങളും
മുറിവായ് ശേഷിച്ച ചില വാക്കുകളും
ഒരുനാൾ പേനത്തുമ്പിൽ
തിരികെയെത്തുന്നു.
ചില രാത്രികളുടെ നിശ്ശബ്ദത
പുലരുമ്പോൾ കവിതയാകുന്നു!
ചില നഷ്ടങ്ങൾ
കഥയിൽ കഥാപാത്രങ്ങളായ്
തിരിച്ചെത്തുന്നു.
വേദനകൾക്ക് വാക്കുകൾ കിട്ടുമ്പോൾ
അവയുടെ ഭാരം കുറയുന്നു.
ചിതലരിച്ച ഓർമകൾക്ക്
അക്ഷരങ്ങൾ ലഭിക്കുമ്പോൾ
അവ മുറിവുകളല്ലാതാകുന്നു.
പതിയെ ജീവിതാനുഭവങ്ങൾ
വരികളായ് രൂപപ്പെടുന്നു.
വരികൾ മെല്ലെ സ്വപ്നങ്ങൾക്ക്
നിറം നൽകുന്നു.
അവസാനം കടലാസിൽ
ബാക്കിയാകുന്നത്
അക്ഷരങ്ങൾ മാത്രമാണെങ്കിലും
അവയ്ക്കിടയിൽ ഒളിച്ചിരിക്കുന്നത്
ഒരു നിശ്ശബ്ദ ജീവിതത്തിന്റെ
യാത്രയാണെന്നറിയുന്നു.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 22 August 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

To the **Right Goal**
Through the **Right Path**

**wisdomstudents**

30th

WISDOM

# PROFCON

## PROFESSIONAL STUDENTS GLOBAL CONFERENCE

2026
**SEPTEMBER**
**11 12 13**

# PALAKKAD



WISDOM students
KERALA STATE COMMITTEE
CV COMPLEX, PV SWAMI ROAD - CALICUT